**പതിനഞ്ചാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2348 — 13.09.2023 ൽ മറുപടിയ്ക്ക്

## ആരോഗ്യ സംരക്ഷണവും ആരോഗ്യ സുരക്ഷയും

| ചോദ്യം<br>ശ്രീ. കെ. ജെ. മാക്സി | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ആരോഗ്യ സംരക്ഷണവും ആരോഗ്യ സുരക്ഷയും ലോകോത്തര നിലവാരത്തിലെത്തിക്കാൻ മുൻ സർക്കാരും ഈ സർക്കാരും നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട് |
| (ബി) | ആയതിനായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ മുതൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ വരെ ഏർപ്പെടുത്തിവരുന്ന അടിസ്ഥാന സൗകര്യങ്ങളും ചികിത്സാ സൗകര്യങ്ങളും എന്തെല്ലാമെന്ന് വിശദമാക്കുമോ; | | |
| (സി) | രോഗികളുടെ എണ്ണം കണക്കാക്കി മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ പുതിയ വാർഡുകൾ, സി.ടി. സ്കാനറുകൾ, എം.ആർ.ഐ. സ്കാനറുകൾ തുടങ്ങിയ അനുബന്ധ മെഡിക്കൽ ഉപകരണങ്ങൾ ഓരോ ആശുപത്രികളിലും ഉറപ്പാക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (സി) | ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ സി.റ്റി.സ്കാനറുകൾ, എം.ആർ.ഐ സ്കാനറുകൾ തുടങ്ങിയ അനുബന്ധ മെഡിക്കൽ ഉപകരണങ്ങൾ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ സാമ്പത്തിക വർഷവും പ്ലാന് പ്രൊപ്പോസലുകൾ രൂപീകരിക്കുന്നതിനായി എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും പ്രസ്തുത മെഡിക്കൽ ഉപകരണങ്ങളുടെ ആവശ്യകത അനുസരിച്ച് പ്രൊപ്പോസലുകൾ സ്വീകരിക്കാറുണ്ട്. 2023-2024 സാമ്പത്തിക വർഷം ലഭിച്ച പ്രൊപ്പോസലുകൾ അനുസരിച്ച് വിവിധ പ്ലാന് ഫണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തി ടി അനുബന്ധ |

| | | | |
|---|---|---|---|
| | | | മെഡിക്കൽ ഉപകരണങ്ങൾ ആശുപത്രികളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>**<u>സർക്കാർ മെഡിക്കൽ കോളേജ് തിരുവനന്തപുരം</u>**<br>മെഡിക്കൽകോളേജ് ആശുപത്രിയിൽ രോഗികളുടെ എണ്ണം കണക്കാക്കി പുതിയ വാർഡുകൾ, എം.ആർ.ഐ സ്കാനുകൾ തുടങ്ങിയ അനുബന്ധ മെഡിക്കൽ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുക്കുന്നതിനായി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>**<u>സർക്കാർ മെഡിക്കൽ കോളേജ് , കൊല്ലം</u>**<br>ഈ ആശുപത്രിയിൽ ഒരു സി.റ്റി. സ്കാൻ നിലവിലുണ്ട്. എം.ആർ.ഐ സ്കാനിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.<br>**<u>സർക്കാർ മെഡിക്കൽ കോളേജ്, കോന്നി</u>**<br>ഈ സ്ഥാപനത്തിൽ പുതിയ വാർഡുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവിടെ സി.റ്റി. സ്കാൻ സൗകര്യം ലഭ്യമാണ്.<br>**<u>സർക്കാർ റ്റി.ഡി. മെഡിക്കൽ കോളേജ്, ആലപ്പുഴ</u>**<br>പുതുതായി ആരംഭിച്ച സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ പുതിയ വാർഡുകൾ സജ്ജമാക്കിയിട്ടുണ്ട്. രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും ഉപകരണങ്ങൾ വാങ്ങുന്നതിനും ആവശ്യമായ തുക സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും സമയബന്ധിതമായി വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട് .<br>ചെട്ടികാട് ആർ.എച്ച്.റ്റി.സി.യിൽ പഞ്ചായത്ത് ഹെൽത്ത് ഗ്രാൻറ് ഉപയോഗിച്ച് ഹെമറ്റോളജി അനലൈസർ വാങ്ങുകയും, പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഓട്ടോറിഫ്രാക്ടർ മീറ്റർ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്.<br>**<u>സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി</u>**<br>ഇടുക്കി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. ഇടുക്കി മെഡിക്കൽ കോളേജിൽ നിലവിൽ CT സ്കാൻ, |

| | | | |
|---|---|---|---|
| | | | Ultra sound scan എന്നിവ ആരംഭിച്ചിട്ടുണ്ട്.<br>**<u>സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം</u>**<br>എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ എത്തുന്ന രോഗികൾക്ക് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 683 ബെഡ്ഡുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. ഈ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ OBG, Paediatric surgery, Dental/Maxilofacial, Physical Medicine, Urology, Nephrology, Gastro Entrology, Gastro Surgery, Cardiology, Cardio Thorasic Surgery, Neuro, Neuro Surgery, Radiology എന്നീ വിഭാഗങ്ങൾക്കുള്ള OP – യും, IP, ICU വാർഡുകളും 14 ഓപ്പറേഷൻ തീയറ്ററുകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിൽ പ്രവർത്തിച്ചു വരുന്ന ഇമേജിംഗ് സെന്ററിൽ CT, MRI, സ്തനാർബുദ രോഗ പ്രതിരോധത്തിന് മുതൽക്കൂട്ടാവുന്ന ഡിജിറ്റൽ മാമോഗ്രാഫി മെഷീൻ എന്നിവ പ്രവർത്തിച്ചു വരുന്നു. കൂടാതെ ആധുനിക സൗകര്യങ്ങളോടുകൂടിയ സെൻട്രൽ ലാബ്, ഓട്ടോമാറ്റിക് ബയോകെമിസ്ട്രി അനലൈസർ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റ് എന്നിവയും പ്രവർത്തിച്ചു വരുന്നു. എല്ലാ വാർഡുകളിലും ഓക്സിജൻ പൈപ്പ് ലൈനും സ്ഥാപിച്ചു.<br>**<u>സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ</u>**<br>തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിലവിൽ 2 സി ടി സ്കാനറുകളും 2 എം. ആർ.ഐ സ്കാനറുകളും പ്രവർത്തിക്കുന്നുണ്ട്.<br>**<u>സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി</u>**<br>ഈ സർക്കാരിന്റെ കാലത്ത് 1.5 Tesla MRI Scanner വാങ്ങിക്കുന്നതിനു ഭരണാനുമതി നൽകിയിട്ടുണ്ട്.<br>**<u>സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്</u>**<br>മെഡിക്കൽ കോളേജ് ആശുപത്രിയിൽ റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിന് കീഴിൽ എം.സി.എച്ച്, ഐ.എം.സി.എച്ച് എന്നിവിടങ്ങളിലായി മൂന്ന് സി ടി സ്കാൻ ഉപകരണങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | നാലാമതായി പി.എം.എസ്.എസ്.വൈ ബ്ലോക്കിലെ അത്യാഹിത വിഭാഗത്തിലെ പ്രവർത്തനത്തിന് മാത്രമായി ഒരു സി ടി സ്കാൻ ഉടൻ പ്രവർത്തന സജ്ജമാകും. നിലവിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, പി.എം.എസ്.എസ്.വൈ ബ്ലോക്ക് എന്നിവിടങ്ങളിലായി രണ്ട് എം ആർ ഐ മെഷീനുകൾ പ്രവർത്തിക്കുന്നു. വിവിധ യൂണിറ്റുകളിലായി 14 അൾട്രാ സൗണ്ട് കളർ ഡോപ്ലർ മെഷീനുകളും പ്രവർത്തിക്കുന്നു. അത്യാധുനിക വിഭാഗവും അനുബന്ധ സൗകര്യങ്ങളും പുതിയ കെട്ടിടമായ പി.എം. എസ്.എസ്.വൈ ബ്ലോക്കിലേക്ക് മാറ്റിയിട്ടുണ്ട്. ഗ്യാസ്ട്രോ എൻട്രോളജി, ന്യൂറോ സർജറി വാർഡുകൾ പുതിയ സൗകര്യത്തോടെ പി.എം.എസ്.എസ്.വൈ ബ്ലോക്കിലേക്ക് മാറ്റിയിട്ടുണ്ട്.<br><br>മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ അൾട്രാസൗണ്ട് സ്കാനിംഗ്, ലാബ്, ഫാർമസി തുടങ്ങിയവ ആശുപത്രി വികസന സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഐ.എം.സി.എച്ച് ആശുപത്രി വികസന സമിതിയുടെ ഫണ്ടുപയോഗിച്ച് പെറ്റ് സി.ടി സ്കാൻ സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>നെഞ്ച് രോഗ ആശുപത്രിയിലേക്ക് ആവശ്യമായ സ്കാനിംഗ് ഉപകരണങ്ങളും, എക്സ്-റേ, പോർട്ടബിൾ എക്സ്-റേ, ബ്രോങ്കോസ്കോപ്പി തുടങ്ങിയ മെഷിനറികളും വാങ്ങി സ്ഥാപിക്കുകയും പൊതുജനങ്ങൾക്ക് സേവനം നൽകി വരുകയും ചെയ്യുന്നുണ്ട്.<br><br>**<u>സർക്കാർ മെഡിക്കൽ കോളേജ്, വയനാട്</u>**<br><br>പുതുതായി പീഡിയാട്രിക് ഐ സി യു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാത്ത് ലാബ് പ്രവർത്തനം ആരംഭിക്കുന്നതിനായി ലാബ് ഉപകരണങ്ങൾ സ്ഥാപിച്ചുവരുന്നു. സ്പെഷ്യാലിറ്റി വിഭാഗങ്ങൾ തുടങ്ങുന്നതിനായി മൾട്ടി പർപ്പസ് ബിൽഡിംഗ് നിർമ്മിച്ചിട്ടുണ്ട്.<br><br>**<u>സർക്കാർ മെഡിക്കൽ കോളേജ്, കാസർഗോഡ്</u>**<br><br>ആശുപത്രി കെട്ടിടത്തിന്റെ 57% നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ലേഡീസ് ഹോസ്റ്റൽ, ടീച്ചിംഗ് ക്വാർട്ടേഴ്സ് എന്നിവയുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണം 60% പൂർത്തീകരിച്ചിട്ടുണ്ട്. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതോടുകൂടി എൻഡോസൾഫാൻ രോഗബാധിതർക്കായുള്ള പ്രത്യേക വാർഡ്, ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ യൂണിറ്റ്, ഫിസിയോ തെറാപ്പി എന്നിവ സജ്ജമാക്കുന്നതോടൊപ്പം കൂടുതൽ ഡോക്ടർമാരുടെയും ന്യൂറോളജിസ്റ്റിന്റേയും അനുബന്ധ ജീവനക്കാരുടെയും നിയമനം പ്രാവർത്തികമാക്കാൻ കഴിയും. ICU, CT Scan, MRI Dialysis സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് ഡി.പി.ആർ - ൽ വിഭാവനം ചെയ്തിട്ടുണ്ട്. |
| (ഡി) | ആരോഗ്യ പരിപാലന രംഗത്ത് മറ്റിതര സംസ്ഥാനങ്ങളുമായി തുലനം ചെയ്യുമ്പോൾ സർക്കാർ സ്വീകരിച്ച നടപടികൾ മൂലം നിലവിൽ സംസ്ഥാനം ദേശീയതലത്തിൽ എത്രാം സ്ഥാനത്ത് എന്നത് വ്യക്തമാക്കുമോ? | (ഡി) | നീതി ആയോഗ് ആണ് രാജ്യാന്തര തലത്തിൽ ആരോഗ്യ പരിപാലന രംഗത്ത് സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ റാങ്ക് ചെയ്യുന്നത്. നിലവിൽ 2019-20 വർഷത്തെ അടിസ്ഥാനപ്പെടുത്തിയുള്ള റാങ്കിംഗിൽ 82.20 പോയിന്റോടുകൂടി കേരളം ഒന്നാമതാണ്.<br><br>2023 ലേക്കുള്ള ദേശീയ റാങ്കിംഗ് ഫ്രെയിം വർക്കിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് പങ്കെടുക്കുകയും ദേശീയതലത്തിൽ മെഡിക്കൽ വിഭാഗത്തിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന് 44 -ാം റാങ്ക് ലഭിക്കുകയും ചെയ്തു.<br><br>രാജ്യത്തുടനീളമുള്ള സ്ഥാപനങ്ങളെ റാങ്ക് ചെയ്യുന്നതിനുള്ള ഒരു ശാസ്ത്രീയ രൂപരേഖയാണ് ഈ ചട്ടക്കൂട് നൽകുന്നത്. ഇന്ത്യ ഗവൺമെന്റിന്റെ വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കീഴിലാണ് ഇത് നടക്കുന്നത്. ഒരുകൂട്ടം മെട്രിക്സ് (പാരാമീറ്ററുകൾ) അടിസ്ഥാനമാക്കിയിട്ടുള്ളതാണ് ഈ അക്കാദമിക് റാങ്കിംഗ്. ഈ പാരാമീറ്ററുകൾ അഞ്ച് വിശാലമായ തലങ്ങളായി ക്രമീകരിച്ചിരിക്കുന്നു.<br><br>1. പഠിപ്പിക്കൽ, പഠനവും & റിസോഴ്സസ് |

| | | | |
|---|---|---|---|
| | | | 2 ഗവേഷണവും പ്രൊഫഷണൽ പരിശീലനവും<br>3. ബിരുദ ഫലങ്ങൾ<br>4. ഔട്ട് റീച്ചും ഇൻക്ലൂസിവിറ്റിയും<br>5. പിയർ പെർസെപ്ഷൻ (Peer Perception) |

Hari

സെക്ഷൻ ഓഫീസർ

എ & ബി)

സംസ്ഥാനത്തെ ആരോഗ്യ സംരക്ഷണം ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടി ആശുപത്രികളിലെ സേവനം മികവുറ്റതാക്കുന്നതിനും ആശുപത്രികൾ ജനസൗഹൃദമാക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങളാണ് 2016 ലെ സർക്കാർ ആവിഷക്കരിച്ച ആർദ്രം പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നത്. തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലെ ഒ.പി വിഭാഗം രോഗീസൗഹൃദമാക്കുക വഴി മെച്ചപ്പെട്ട സേവനം നൽകുന്നതിനും തിരക്ക് ഒഴിവാക്കുന്നതിനും കഴിയുന്നു. കിഫ്ബി, നബാർഡ് ഫണ്ടുകൾ മുഖേനയും സംസ്ഥാന പ്ലാൻ ഫണ്ട്, ബഹു.എം.എൽ.എ ഫണ്ട് , എൽ.എസ്.ജി.ഡി ഫണ്ട് മുതലായവ ഉപയോഗിച്ചും ആശുപത്രികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ആശുപത്രികളെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ ആർദ്രം മാനദണ്ഡമനുസരിച്ച് ആരോഗ്യ ഉപകേന്ദ്രങ്ങളെ ഹെൽത്ത് & വെൽനസ്സ് കേന്ദ്രങ്ങളായും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായും ബ്ലോക്ക്തല സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് തല കുടുംബാരോഗ്യ കേന്ദ്രങ്ങളായും പരിവർത്തനം ചെയ്ത് ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രികളുടെ പ്രവർത്തന നിലവാരം ഉയർത്തുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 3378 തസ്തികകളും ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ 347 തസ്തികകളും അധികമായി സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.

മെഡിക്കൽ വിദ്യഭ്യാസ വകുപ്പിൽ നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**<u>സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>**

- തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി കിഫ്ബിയുടെ സഹായത്തോടെ നടത്തുന്ന 717.29 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ ഭരണാനുമതി നൽകി.
- പോളിട്രോമാ കെട്ടിടത്തിന്റെ (മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക്) പ്രവർത്തനം ആരംഭിച്ചു.
- പഠന നിലവാരവും ഗവേഷണ സൗകര്യങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി മൾട്ടി ഡിസിപ്ളിനറി റിസർച്ച് ലബോറട്ടറി, വൈറൽ റിസർച്ച് & ഡയഗ്നോസ്റ്റിക് ലബോറട്ടറി, അനിമൽ ഹൗസ് തുടങ്ങിയവയുടെ പ്രവർത്തനം ആരംഭിച്ചു.
- എമർജൻസി മെഡിസിൻ സംവിധാനമൊരുക്കി നൂതന സംവിധാനങ്ങളോടുകൂടിയ അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിച്ചു.
- എമർജൻസി മെഡിസിൻ മൂന്ന് പി.ജി. സീറ്റുകൾക്ക് അനുമതി ലഭ്യമാക്കി കോഴ്സ് ആരംഭിച്ചു.
- എമർജൻസി മെഡിസിൻ വിഭാഗം ശക്തിപ്പെടുത്തുന്നതിന് വേണ്ടി 106 തസ്തികകൾ അനുവദിച്ചു.
- 100 കിടക്കകളുള്ള തീവ്രപരിചരണ വിഭാഗവും വയോജനങ്ങൾക്ക വേണ്ടി 30 ബെഡ്ഡോടു കൂടിയ ജീറിയാട്രിക്സ് വാർഡും മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്കിൽ സജ്ജീകരിച്ചു.
- എല്ലാ വാർഡുകളിലും കേന്ദ്രീകൃത ഓക്സിജൻ സംവിധാനം സജ്ജമാക്കി.

- എസ്.എ.റ്റി ആശുപത്രിയുടെ ഭാഗമായി മാതൃശിശു മന്ദിരം പണി കഴിപ്പിച്ച് അതിൽ അത്യാധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി.
- കാലപ്പഴക്കമുള്ള വാർഡുകൾ പുതുക്കി പണിതു.
- എച്ച്.എൽ.എൽ ന്റെ കീഴിൽ ആശുപത്രിയ്ക്കകത്ത് MRI, CT സ്കാനുകൾ എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.
- രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം, വൃത്തിയുള്ള ശുചി മുറികൾ, ഒ.പി ബ്ലോക്കിനു സമീപം ലഘു ഭക്ഷണശാല എന്നിവ സ്ഥാപിച്ചു.
- പീഡിയാട്രിക്സ് വിഭാഗത്തിൽ കുട്ടികളുടെ ഡയബറ്റിക് ചികിത്സയ്ക്കായി മിഠായി ക്ലിനിക് ആരംഭിച്ചു.
- നിയോനാറ്റോളജി വിഭാഗം വിപുലീകരിച്ചു.
- ഗൈനക് വിഭാഗത്തിൽ സ്ത്രീ സൗഹൃദം ലക്ഷ്യമിട്ട് ആധുനിക സൗകര്യങ്ങളോടുകൂടിയ ഒ.പി ബ്ലോക്ക് പണി കഴിപ്പിച്ച് പ്രവർത്തനം ആരംഭിച്ചു.
- പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ നൂതന സൗകര്യങ്ങളോടുകൂടിയ ഹൃദയ ശസ്ത്രക്രിയ വിഭാഗം ആരംഭിച്ചു.
- നെഫ്രോളജി വിഭാഗത്തിലേക്ക് 10 ഹീമോഡയാലിസിസ് മെഷീനുകൾ ലഭ്യമാക്കി.
- ജീവനക്കാർക്ക് പുതിയ പാർപ്പിട സമുച്ചയം നിർമ്മിച്ചു.
- അത്യാധുനിക മോർച്ചറി സംവിധാനം പ്രവർത്തിപ്പിച്ചു.
- ഇ-ഹെൽത്ത് പദ്ധതി പ്രകാരം രോഗികളുടെ സൗകര്യാർത്ഥം ഒ.പി യിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തി.
- കാൻസർ ചികിത്സക്കുപയോഗിക്കുന്ന ആധുനിക ഉപകരണമായ ടെലി കൊബാൾട്ട് മെഷീൻ റേഡിയോതെറാപ്പി വിഭാഗത്തിൽസജ്ജീകരിച്ചു.
- കാർഡിയോളജി വിഭാഗത്തിൽ പുതിയ കാത്ത് ലാബും അനുബന്ധ സ്റ്റെപ്പ് ഡൌൺ ഐ.സി.യുവും സജ്ജീകരിച്ചു.
- സി.ടി ആൻജിയോഗ്രാഫി മെഷീൻ ക്യാഷ്വാൽറ്റി വിഭാഗത്തിന് സമീപം സജ്ജീകരിച്ചു.
- മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതുതായി വാർഡ്-27 ആരംഭിച്ചു.
- ദന്തൽ, ഫാർമസി, പാരാമെഡിക്കൽ വിദ്യാർഥിനികൾക്ക് ക്യാമ്പസിൽ പുതുതായി ഹോസ്റ്റൽ പണികഴിപ്പിച്ച് പ്രവർത്തന സജ്ജമാക്കി.
- എം.ബി.ബി.എസ് സീറ്റുകളുടെ എണ്ണം 200 ൽ നിന്ന് 250 ആയി വർദ്ധിപ്പിച്ചു.
- എം.ഡി/എം.എസ് പി.ജി സീറ്റുകളുടെ എണ്ണം 218 ൽ നിന്ന് 248 ആയി വര്ദ്ധിപ്പിച്ചിട്ടുണ്ട്.
- MCH റീപ്രൊഡക്റ്റീവ് മെഡിസിൻ, DM എൻഡോക്രൈനോളജി, DM പീഡിയാട്രിക് ന്യൂറോളജി, DM നിയോനാറ്റോളജി, Bsc ഡയാലിസിസ് ടെക്നോളജി, MD എമർജൻസി മെഡിസിൻ എന്നീ പുതിയ കോഴ്സുകൾ ആരംഭിച്ചു.
- എമർജൻസി മെഡിസിൻ വിഭാഗം, നിയോനാറ്റോളജി, മെഡിക്കൽ ഓങ്കോളജി, ഓങ്കോപതോളജി, സർജിക്കൽ ഓങ്കോളജി, പീഡിയാർട്രിക് ഗ്യാസ്റ്റോഎന്ററോളജി, റീപ്രൊഡക്ടീവ് മെഡിസിൻ എന്നീ പുതിയ വകുപ്പുകൾ ആരംഭിച്ചു.

- തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ് എ റ്റി ആശുപത്രിയിൽ പീഡിയാട്രിക്സ് കാർഡിയോളജി വിഭാഗത്തിൽ നൂതന സൗകര്യങ്ങളോടുകൂടിയ ഹൃദയ ശസ്ത്രക്രിയ വിഭാഗം ആരംഭിച്ചു.

- സർക്കാർ മേഖലയിൽ ആദ്യാമായി എസ്.എം.എ ക്ലിനിക്ക് തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ ആരംഭിച്ചു.

- എസ്.എ.റ്റി ആശുപത്രിയെ കേന്ദ്രം സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തി.

- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ 3 പി.ജി സീറ്റുകൾക്ക് അനുമതി നൽകി കോഴ്സ് ആരംഭിച്ചു.

- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സർക്കാർ മേഖലയിലെ ആദ്യത്തെ ന്യൂറോ കാത്ത് ലാബ് പ്രവർത്തന സജ്ജമാക്കുന്നു. സമഗ്ര സ്ട്രോക്ക് സെന്റർ സജ്ജമാക്കുന്നു.

- എമർജൻസി മെഡിസിൻ സംവിധാനമൊരുക്കി നൂതന സംവിധാനങ്ങളോടുകൂടിയ അത്യാഹിത വിഭാഗം പ്രവർത്തനമാരംഭിച്ചു.

- ജനറ്റിക്സ്, ജെറിയാട്രിക്സ് & ക്രിട്ടിക്കൽ കെയർ മെഡിസിൻ എന്നീ ഡിപ്പാർട്ടുമെന്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആദ്യമായി കാൻസർ രോഗികൾക്ക് നൂതന റേഡിയേഷൻ നൽകുന്ന ഉപകരണമായ ലിനാക് സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു.

- കേരളത്തിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പീഡിയാട്രിക് ഗ്യാസ്ട്രോ വിഭാഗം ആരംഭിച്ചു.

- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 100 ഐ.സി.യു കിടക്കകളുള്ള പ്രത്യേക ബ്ലോക്ക് സ്ഥാപിച്ചു.

- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രണ്ടാം ഘട്ടമായി കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി.

- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്പെക്ട് സ്കാൻ സ്ഥാപിച്ചു.

- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാൻ സ്ഥാപിക്കുന്നതിന് ഈ ബജറ്റിൽ അനുമതി നൽകി.

- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള റോഡു നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി.

- തിരുവനന്തപുരം പ്രധാന ആശുപത്രി കെട്ടിടത്തിന്റെ എക്സ്പാൻഷനും നവീകരണവും നടത്തി

- തിരുവനന്തപുരം മെഡിക്കൽ കോളേജിന് കീഴിലുള്ള അർബൻ ഹെൽത്ത് സെന്റർ, പാങ്ങപ്പാറയുടെ ചെറിവക്കൽ സബ് സെന്ററിനു പുതിയ കെട്ടിടം നിർമ്മിച്ചു.

- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫ്ലൈ ഓവർ നിർമ്മാണം പൂർത്തിയാക്കി ജനങ്ങൾക്കായി തുറന്നു കൊടുത്തു.

- തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രിയിൽ നവീകരിച്ച പീഡിയാട്രിക്സ് കാഷ്വാലിറ്റി പ്രവർത്തനമാരംഭിച്ചു.

- ആശുപത്രികളെ രോഗി സൗഹൃദം ആക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികളിലൊന്നായ ആർദ്രം പദ്ധതി ആശുപത്രിയിൽ ഒപിയിൽ വരുന്ന രോഗികൾക്ക് ഇരിക്കുവാനുള്ള കസേരകൾ, കുടി വെള്ളം, ദിശ സൂചികകൾ, പ്രാഥമിക ആവശ്യങ്ങൾക്കായുള്ള സൗകര്യങ്ങൾ, ചികിത്സ വേളയിൽ സ്വകാര്യത ഉറപ്പ് വരുത്തുന്നതിനുള്ള സൗകര്യങ്ങൾ, ശീതീകരിച്ച ഒപി മുറികൾ, റാംപ്., വിനോദ ഉപാധിയായി ടിവി എന്നിവ സജ്ജമാക്കി. കൂടാതെ KASP, NEW KBF, AWAAS, RBSK, ആരോഗ്യ കിരണം, മെഡിസെപ്പ്, സുകൃതം പദ്ധതി, ക്യാൻസർ സുരക്ഷാ പദ്ധതി എന്നീ ചികിത്സാ പദ്ധതികളും നടപ്പിലാക്കി വരുന്നു. ജനങ്ങളുടെ ആരോഗ്യ സംരക്ഷണവും ആരോഗ്യ സുരക്ഷയും ഉറപ്പുവരുത്തുന്നതിന് പാങ്ങപ്പാറ മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റിലെ 1 മണിവരെ ഉണ്ടായിരുന്ന ഒ.പി പ്രവർത്തന സമയം വൈകുന്നേരം 6 മണിവരെയായി ദീർഘിപ്പിക്കുകയും 8 രോഗികളെ കിടത്തി ചികിത്സിക്കാനാവശ്യമായ ഒ.പി വിഭാഗം ഏർപ്പെടുത്തുകയും ചെയ്തു. വക്കം റൂറൽ ഹെൽത്ത് സെന്ററിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് മുഖാന്തിരവും ബ്ലോക്ക് പഞ്ചായത്ത് മുഖാന്തിരവും വിവിധ പ്രോജക്ടുകൾ വർഷം തോറും നടപ്പിലാക്കി വരുന്നു.

## <u>സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം</u>

- പ്രസ്തുത മെഡിക്കൽ കോളേജിന്റെ ഒ.പി, അത്യാഹിത വിഭാഗം എന്നിവയുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ ആരംഭിച്ചു.
- ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഒ.പി. രജിസ്ട്രേഷന് കൗണ്ടർ, വെയ്റ്റിംഗ് ഏരിയ എന്നിവയുൾപ്പെടെ നിർമ്മിച്ച പുതിയ ഒ.പി. ബ്ലോക്ക് പൂർണ്ണമായും പ്രവർത്തനസജ്ജമാക്കി.
- റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിന് കീഴിൽ ആധുനികമായ " 26 സ്ലൈസ് മൾട്ടി ഡിറ്റക്ടർ " സി.ടി സ്കാനർ സ്ഥാപിച്ചു.
- ആൻജിയോഗ്രാം ഉൾപ്പടെയുള്ള എല്ലാവിധ പരിശോധനകളും ഏറ്റവും വേഗത്തിൽ നടത്തുന്നതിനും രോഗിക്ക് എത്രയും പെട്ടെന്ന് ചികിത്സ ലഭ്യമാക്കുന്നതിനും വേണ്ടുന്ന നടപടികൾ സ്വീകരിച്ചു.
- 4D കളർ ഡോപ്ലർ അള്ട്രാ സൌണ്ട് സ്കാൻ സജ്ജമാക്കി.
- 3 എക്സ്റേ മെഷീൻ റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിലും ഒരെണ്ണം അത്യാഹിതവിഭാഗത്തിലും പ്രവർത്തനക്ഷമമാക്കി.
- സ്തനാർബുദ ചികിത്സയ്ക്കായി ഒരു മാമ്മോഗ്രാം മെഷീന് സ്ഥാപിച്ചു.
- ആധുനിക ഡിജിറ്റൽ ഫ്ലൂറോസ്കോപ്പി മെഷീൻ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

- ഗൈനക്കോളജി വിഭാഗത്തിൽ ഗർഭിണികൾക്ക് "അത്യാഹിത വിഭാഗവും", "ഹൈ ഡിപ്പന്റൻസി യൂണിറ്റും" പ്രവർത്തന സജ്ജമാക്കി.
- എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോട്ടു കൂടിയ മെഡിക്കൽ ഐ.സി.യു, സർജറി, ഫീവർ, ബേൺസ്, ശ്വാസകോശ രോഗം, ശിശുരോഗം എന്നിവയുടെ ചികിത്സയ്ക്കായി 58 ബെഡ്ഡുകൾ പ്രത്യേകമായി സജ്ജീകരിച്ചു.
- വെന്റിലേറ്ററുകൾ, മൾട്ടിപാരാമോണിറ്ററുകൾ, ഡിഫിബ്രിലേറ്റർ തുടങ്ങി ആധുനിക ജീവൻ രക്ഷാഉപകരണങ്ങൾ പ്രവർത്തന സജ്ജമാക്കി.
- അത്യാധുനിക സജ്ജീകരണങ്ങളോടെയുള്ള മോർച്ചറി ബ്ലോക്ക് പ്രവർത്തനക്ഷമമാക്കി.
- ഒരേ സമയം 2 പോസ്റ്റമോർട്ടം നടത്തുന്നതിനും 16 മൃതദേഹങ്ങൾ സൂക്ഷിക്കുന്നതിനുമുള്ള സൗകര്യങ്ങൾ മോർച്ചറി ബ്ലോക്കിൽ സജ്ജീകരിച്ചു.

- നഴ്സിംഗ് കോളേജ് (60 സീറ്റ് വീതം) ആരംഭിച്ചു.

- പി.ജി കോഴ്സുകൾ ആരംഭിച്ചു

- കാത്ത് ലാബ് പ്രവർത്തന സജ്ജമാക്കി

- 2022 അക്കാദമിക്ക് വർഷത്തിൽ 2017 അദ്ധ്യയന വർഷത്തിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളിൽ 90 പേർ വിജയിക്കുകയും ടി ഹൗസർജൻമാർ CRMI (ഹൗസർജൻസി) ആരംഭിക്കുകയും ചെയ്തു.

- താഴെ പറയുന്ന വിഭാഗങ്ങളിൽ മെഡിക്കൽ പി.ജി കോഴ്സുകൾ ആരംഭിച്ചു.

  കമ്മ്യൂണിറ്റി മെഡിസിൻ - 2 സീറ്റ്
  പത്തോളജി - 2 സീറ്റ്
  മൈക്രോബയോളജി - 2 സീറ്റ്
  ഫോറൻസിക്ക് മെഡിസിൻ - 2 സീറ്റ്

- 2022 അദ്ധ്യയന വർഷത്തിൽ 15 സീറ്റോടുകൂടി ഡി.എം.എൽ.ടി കോഴ്സുകൾ ആരംഭിച്ചു.

കൂടാതെ കൊല്ലം, സർക്കാർ മെഡിക്കൽ കോളേജിൽ 100 മെഡിക്കൽ വിദ്യർത്ഥികൾക്ക് പഠിക്കുന്നതിന് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിഷ്കർഷിക്കുന്നതിനനുസൃതമായ എല്ലാ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുകയും NMC യുടെ സ്ഥിര അംഗീകാരവും ലഭ്യമാക്കുകയുണ്ടായി. ഈ ആശുപത്രിയിൽ ഏകദേശം 500 രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. 72 കിടക്കകളോട്ടുകൂടി ഐ.സി.യു-വും സജ്ജമാക്കിയിട്ടുണ്ട്. ഓക്സിജന്റെ ലഭ്യത ഉറപ്പ വരുത്തുവാൻ ഓക്സിജൻ മാനിഫോൾഡ് കൂടാതെ ലിക്വിഡ് ഓക്സിജനും ( 3K1 Liquid Oxygen functioning & 10 KL liquid Oxygen working on progress) PSA പ്ലാന്റും സജ്ജമാക്കിയിട്ടുണ്ട്. കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ, കാത്ത് ലാബ്, കാത്ത് ഐ.സി.യു, ഡയാലിസിസ് യൂണിറ്റ് എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എം.ആർ.ഐ സ്കാനിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. റേഡിയോളജി

വിഭാഗത്തിൽ സി.റ്റി സ്കാൻ,മാമോഗ്രാം, ഡിജിറ്റൽ എക്സ്റേ, അൾട്രോസൗണ്ട് സ്കാൻ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തി, കൂടാതെ സർജറി, ഗൈനക്കോളജി വിഭാഗങ്ങളിൽ ആധുനിക തിയറ്റർ സംവിധാനം ആരംഭിച്ചു. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു നവീകരിച്ച ഒ.പി വിഭാഗം ആരംഭിച്ചു. ആധുനിക ഗൈനക്ക് കാഷ്വാലിറ്റി ആരംഭിച്ചു. കോവിഡ് രോഗം മൂലം ഗുരുതരാവസ്ഥയിലാകുന്ന രോഗികൾക്ക് ഐ.സി.യു-വിനുള്ളിൽ തന്നെ ഡയാലിസ് ചെയ്യുന്നതിനായി പോർട്ടബിൾ ആർ.ഒ. പ്ലാന്റ് സ്ഥാപിച്ചു. കോവിഡ് പരിശോധനയ്ക്കായി ജില്ലയിലെ ആദ്യ ആർ.ടി.പി.സി.ആർ ലാബ് പ്രവർത്തനം ആരംഭിച്ചു. കൂടാതെ കാൻസർ രോഗ നിർണ്ണയത്തിനായി 2 കളർ ഡോപ്ലർ അൾട്രാസൗണ്ട് സ്കാനർ സജ്ജമാക്കി.

ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്ക്, ട്രോമ കെയർ ബ്ലോക്ക് എന്നിവ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി, ഒ പി രജിസ്ട്രേഷൻ ബ്ലോക്ക്, ഇ ഹെൽത്ത് എന്നിവ ഈ ആശുപത്രിയിൽ നടപ്പിലാക്കിയിട്ടുണ്ട്.

**സർക്കാർ മെഡിക്കൽ കോളേജ്, കോന്നി**

- ഒന്നാം ഘട്ട നിർമ്മാണങ്ങൾ പൂർത്തീകരിക്കുകയും രണ്ടാംഘട്ട വികസനത്തിനായി ഭരണാനുമതി നൽകുകയും ആയതിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, പിഡിയാർട്രിക് ഐ.സി.യു, വിദ്യാർത്ഥികളുടെ ഹോസ്റ്റലുകളുടെ നിർമ്മാണവും വിഭാവനം ചെയ്തിരിക്കുന്നു.
- മെഡിക്കൽ കോളേജിൽ ‘ഒ.പി, ഐ.പി, കാരുണ്യ മെഡിക്കൽ സ്റ്റോർ എന്നിവ ആരംഭിച്ചു.
- ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് സ്ഥാപിച്ചു.
- 100 എം.ബി.ബി.എസ് സീറ്റിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അനുമതി ലഭ്യമാക്കി ക്ലാസുകൾ ആരംഭിച്ചു.
- എം.ബി.ബി.എസ് രണ്ടാം വർഷ കോഴ്സിന് അനുമതി നൽകി
- മൈനർ ഓപ്പറേഷൻ തീയറ്റർ, 30 ഓക്സിജൻ ബെഡ്ഡുകൾ, 24 മണിക്കൂർ പ്രവർത്തിക്കുന്ന ലാബ്, ഫാർമസി മുതലായ സൗകര്യങ്ങളോട്ടുകൂടിയ അത്യാഹിത വിഭാഗം ആരംഭിച്ചു.
- സർക്കാർ മേഖലയിലെ ആദ്യത്തെ 128 സ്ലൈസ് സി.റ്റി. സ്കാൻ സ്ഥാപിച്ചു.
- ഓക്സിജൻ പ്ലാന്റ് പൂർത്തിയാക്കി പ്രവർത്തന സജ്ജമായി.
- കോന്നി മെഡിക്കൽ കോളേജിൽ അക്കാഡമിക് ബ്ലോക്കിൽ അനാട്ടമി, ബയോകെമിസ്ട്രി, ഫാർമക്കോളജി, ലാബുകൾ ലൈബ്രറി, ലക്ചർ ഹാളുകൾ, അനാട്ടമി മ്യൂസിയം മുതലായവ സജ്ജീകരിച്ചു.

- ഇന്റേണൽ റോഡ്, UGT and FIRE TANK, STORM WATER DRAIN ,ROCK CUTTING ,ROCK BLASTING, സമ്പ്, എസ്റ്റി.പി, എൻട്രൻസ് ഗേറ്റ്, COMPOUND WALL മുതലായവ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

- 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ് സൗകര്യം ഒരുക്കി. ഹോർമോൺ അനലൈസർ, ഓട്ടോമേറ്റഡ് ബ്ലഡ് കൾച്ചർ സിസ്റ്റം എന്നിവ ലാബിൽ സജ്ജമാക്കിയിട്ടുണ്ട് . ഫാർമസി സൗകര്യം ലഭ്യമാക്കിയിട്ടുണ്ട് .

- അൾട്രാസണ്ട് സ്കാൻ, X-Ray എന്നിവ പ്രവർത്തനക്ഷമമാക്കി.

- ആധുനിക രീതിയുലുള്ള ലേബർ റൂം നിർമ്മിക്കുന്നതിന് ലക്ഷ്യ പദ്ധതിക്ക് അനുമതി ലഭ്യമാക്കി. DPR പൂർത്തീകരിച്ചിട്ടുണ്ട് .

- പത്തനംതിട്ട ജില്ലാ ആശുപത്രിയോടനുബന്ധമായി 60 സീറ്റുകളോടുകൂടിയ പുതിയ നെഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

- എല്ലാ വിഭാഗങ്ങളിലും ഒ.പി സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ലഭ്യമായ സൗകര്യം ഉപയോഗിച്ച് Casualty, IP സംവിധാനങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്.

**സർക്കാർ റ്റി.ഡി. മെഡിക്കൽ കോളേജ്, ആലപ്പുഴ**

- പി.എം.എസ്.എസ്.വൈ (PMSSY) പദ്ധതി പ്രകാരം സൂപ്പർസ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം ആരംഭിച്ചു.
- 5206 സ്ക്വയർ മീറ്റർ വിസ്തൃതിയിൽ മൂന്ന് നിലകളിലായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് - കം - സെൻട്രൽ ലൈബ്രറി നിർമ്മിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി-യെ ചുമതലപ്പെടുത്തി.
- "ക്യാന്റീൻ കം ഗസ്റ്റ് റൂം" കെട്ടിടത്തിന്റെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തീകരിച്ചു.
- രണ്ടാം ഘട്ട നിർമ്മാണത്തിന് 1 കോടി രൂപ അനുവദിച്ചു.
- സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ **(STP)** അറ്റകുറ്റപ്പണികളും പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചു.
- പുതിയ ട്രോമാ കെയർ ബ്ലോക്കിനായി 29,47,27,454 രൂപ അനുവദിച്ചു.
- കോംപ്രിഹെൻസീവ് സ്ട്രോക്ക് സെന്ററിന് ഭരണാനുമതി നൽകി.
- ഓപ്പറേഷൻ തീയറ്ററുകളും, ഐ.സി.യു-കളും നെഗറ്റീവ് പ്രഷർ സിസ്റ്റത്തിലേക്ക് മാറ്റുന്നതിലേക്ക് 38,00,000/- രൂപ ലഭ്യമാക്കി.
- പാരാമെഡിക്കൽ വിദ്യാർത്ഥികൾക്കായി ലക്ചർ ഹാൾ, കോമൺ റൂം, ടോയ് ലെറ്റ് ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിലേക്ക് ഭരണാനുമതി നൽകി പൂർത്തീകരിച്ചു.
- ഓങ്കോളജി ബ്ലോക്ക് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി.
- ഫാർമസി വിഭാഗത്തിന്റെ നവീകരണ പ്രവൃത്തി പൂർത്തിയാക്കി.
- ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒ. പി. നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി.
- **180** സീറ്റിംഗ് കപ്പാസിറ്റിയിലുള്ള **2** ഗ്യാലറി ടൈപ്പ് ലക്ചർ ഹാളുകൾ നിർമ്മിച്ചു.
- പഴയ ബ്ലോക്കിന്റെ നവീകരണം പൂർത്തീകരിച്ചു.

- പോസ്റ്റ്ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾക്കായുള്ള ഫ്ളാറ്റ് ടൈപ്പ് റസിഡൻഷ്യൽ ക്വാർട്ടേഴ്സ് നിർമ്മിച്ചു.
- രോഗീസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ടോയ് ലെറ്റ് ബ്ലോക്ക് നവീകരണത്തിനായി 10.6 ലക്ഷം രൂപ അനുവദിച്ചു.
- ആശുപത്രി പരിസരം സി.സി.ടി.വി നിരീക്ഷണത്തിൽ ആക്കുന്നതിനായി 160 നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു.
- ക്യാമ്പസിൽ റാമ്പിന്റെ നിർമ്മാണം പൂർത്തീകരിച്ചു.
- ശുചിമുറികൾ, സ്റ്റെപ്പുകളിലും ഹാൻഡ് റെയിൽസ് സ്ഥാപിച്ചു.
- രോഗീ സൗഹൃദം അന്തരീക്ഷം ഉറപ്പിക്കുന്നതിനായി അനുവദിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി ഓക്സിജൻ പൈപ്പ് ലൈനുകൾ സ്ഥാപിച്ചു. 93 ഓക്സിജൻ കിടക്കളിൽ നിന്നും 923 ഓക്സിജൻ കിടക്കകളാക്കി മാറ്റിയിട്ടുണ്ട്.
- വെന്റിലേറ്റർ മൾട്ടി പാരാമോണിറ്റർ, സെൻട്രൽ ഓക്സിജൻ സംവിധാനം എന്നിവയോടുകൂടി പൂർണ്ണമായി ശീതികരിച്ച 15 കിടക്കകളോടുകൂടിയ ഐ.സി.യു എന്നിവ നിർമ്മിച്ചു.
- 30 കോടി രൂപയുടെ അമ്മയും കുഞ്ഞും ആശുപത്രി നിർമ്മാണം പ്രവർത്തികൾ നടന്നു വരുന്നു .

**ഈ കാലയളവിൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ സ്ഥാപിച്ച പ്രധാന യന്ത്ര സാമഗ്രികൾ**

| |
|---|
| എം.ആർ.ഐ, സ്കാനർ |
| സി. റ്റി. സ്കാൻ മെഷീൻ |
| സി. റ്റി. സിമുലേറ്റർ |
| എച്ച്. ഡി. യു. എസ്. ജി മെഷീൻ |
| ഇലക്ട്രോ ഫിസിയോളജി യൂണിറ്റ് |
| എക്കോമെഷീൻ |
| റ്റി. എം. റ്റി മെഷീൻ |
| സി ആം |
| പവർ ലോൺട്രി |
| ഇ.സി.എം. ഒ. മെഷീൻ |
| ഫുള്ളി ഓട്ടോമേറ്റഡ് ഇമ്മ്യൂണോ അസേ അനലൈസർ |
| എൻ.ഡി യാളൈസർ |
| ഇ. എം. ജി. മെഷീൻ |
| വീഡിയോ പ്രൊസ്സസർ & ലൈറ്റ് സോഴ്സ് |
| ഡീപ്പ് ഫ്രീസർ |
| "3 ഡി" ലാപ്രോസ്കോപ്പിക് ക്യാമറ & എക്യുപ്മെന്റ് |
| "3 ഡി ," "4 ഡി. "എക്കോ മെഷീൻ |

| |
|---|
| വീഡിയോ ഗ്യാസ്ട്രോ സ്കോപ്പ്, കൊളോണോ സ്കോപ്പ്<br>വീഡിയോ പ്രോസസർ ലൈറ്റ് സോഴ്സ് |
| അഡ്വാൻസ്ഡ് ഫാക്കോ എമൂല് സിഫിക്കേഷൻ സിസ്റ്റം |
| ഐ.സി.യു. വെന്റിലേറ്റർ |
| പോയിന്റ് ഓഫ് കെയർ അൾട്രാസൗണ്ട് മെഷീൻ |
| അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ |
| അള്ട്രാസൗണ്ട് കളർ ഡോപ്ലർ |

- 2016-17 അദ്ധ്യയന വർഷം 2 സീറ്റുകളോടെ ഡി. എം. നെഫ്രോളജി കോഴ്സ് അനുവദിച്ചു.
- എം.ഡി. ജനറൽ മെഡിസിൻ സീറ്റുകൾ 7 –ൽ നിന്നും 16 ആയും. എം. ഡി. പിഡിയാട്രിക്സ് സീറ്റുകൾ 3–ല് നിന്നും 9 ആയും, ഡി.എം. കാർഡിയോളജി സീറ്റുകൾ 2–ൽ നിന്നും 3–ആയും എം.എസ്. ഒ.ബി.ജി 3 നിന്നും 8–ആയും വർദ്ധിപ്പിച്ചു.
- **2019-20** അദ്ധ്യയന വർഷം ഇക്കണോമിക്കൽ വീക്കർ സെക്ഷൻ ക്വാട്ടയിൽ ഉൾ പ്പെടുത്തി 25 എം.ബി.ബി.എസ്. സീറ്റുകൾ വർദ്ധിപ്പിച്ച് 150–ൽ നിന്നും 175 ആയി ഉയർത്തി.
- 11 സീറ്റുകളോടെ ബി.എസ്.സി–ഡയാലിസിസ് ടെക്നോളജി കോഴ്സ് ആരംഭിച്ചു.
- ആലപ്പുഴ മെഡിക്കൽ കോളേജിൽ PMSSY പദ്ധതി പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു.
- 200 സൂപ്പർ സ്പെഷ്യാലിറ്റി കിടക്കകൾ 50 ഐ.സി.യു കിടക്കകൾ സജ്ജമാക്കി.
- 180 സീറ്റുകൾ കപ്പാസിറ്റിയുള്ള 2 ഗ്യാലറി ടൈപ്പ് ലക്ചർ ഹാളുകൾ നിർമ്മാണം പൂർത്തിയാക്കി ഉപയോഗ സജ്ജമായിട്ടുണ്ട്.
- പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികൾക്കായുള്ള ഫ്ലാറ്റ് ടൈപ്പ് റസിഡൻഷ്യൽ ക്വാർട്ടേഴ്സ് നിർമ്മാണം പൂർത്തിയാക്കി താമസത്തിനായി വിട്ട് നൽകി.

കൂടാതെ നബാർഡിന്റെ സഹായത്തോടെ നിർമ്മാണം പൂർത്തിയാക്കിയ ഗൈനക്കോളജി ബ്ലോക്കിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. സർക്കാരിന്റെ വിവിധ ആരോഗ്യ പദ്ധതികൾ മുഖാന്തിരം പാവപ്പെട്ട രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകി വരുന്നു. അത്യാധുനിക രീതിയിൽ 4 തീയറ്ററുകൾ, 80 ബെഡുകളോട് കൂടിയ ട്രോമ കെയർ യൂണിറ്റിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. കൂടാതെ സെക്യൂരിറ്റി ജീവനക്കാരുടെ സേവനം, സി.സി.റ്റി.വി, പോലീസ് എയ്ഡ് പോസ്റ്റ് സംവിധാനം എന്നിവ ഉറപ്പ് വരുത്തിയിട്ടുണ്ട്.

ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി ട്രെയിനിംഗ് സെന്ററുകളിൽ ആരോഗ്യ ബോധവൽക്കരണം, പ്രാഥമിക പ്രതിരോധ കുത്തിവെയ്പ്പ്, പ്രതിരോധ മരുന്നുകളുടെ വിതരണം, പരിസര ശുചീകരണ പ്രവർത്തനങ്ങൾ, മഴക്കാല രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ, ജീവിത ശൈലി രോഗ നിയന്ത്രണ പ്രവർത്തനം, സാംക്രമിക രോഗ നിയന്ത്രണം എന്നിവ നടത്തുന്നു. ദ്വിതീയ പ്രതിരോധത്തിന്റെ ഭാഗമായി രോഗ നിർണ്ണയം, ചികിത്സ, റഫറൽ സർവ്വീസ് എന്നിവ നൽകി വരുന്നു.

ഈ സ്ഥാപനത്തിന്റെ അനുബന്ധ സ്ഥാപനമായ ആർ.എച്ച്. റ്റി.സി ചെട്ടികാടിന്റെ കീഴിലെ സബ് സെന്ററുകൾ ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചു വരുന്നു. രോഗീ സൗഹൃദ അന്തരീക്ഷവും ഗുണനിലവാരവുമുള്ള സേവനങ്ങളും ഇവിടെ നിലവിലുണ്ട്. ഒ.പി/ഐ.പി സേവനങ്ങൾ, എൻ.സി.ഡി പാലിയേറ്റീവ് കെയർ സേവനങ്ങൾ, ജീവിത ശൈലി രോഗ ക്യാമ്പുകൾ എന്നിവ കാര്യക്ഷമമായി നടത്തപ്പെടുന്നുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം</u>**

- ജില്ലാ നിർമ്മിതി കേന്ദ്രം നവീകരിക്കുന്ന KASP counter നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
- Central warehousing Corporation ജനറൽ സർജറിയുടെ ഭാഗമായി ആരംഭിച്ച Laparoscopy unit ദിവസേനയുള്ള Laparoscopy surgery സാധ്യമാക്കാൻ സഹായിക്കുന്നു.
- അത്യാഹിത വിഭാഗത്തിലെ മോഡുലർ ഓപ്പറേഷൻ തീയേറ്റർ പ്രവർത്തന സജ്ജമാക്കി
- ഡി.എസ്.എ മെഷീൻ. എം.ആർ.ഐ സ്കാൻ എന്നിവ സ്ഥാപിച്ചു.
- കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ട്രാൻസ് ജെൻഡർമാർക്കു മാത്രമായി ഒ.പി സംവിധാനം ആരംഭിച്ചു.
- രണ്ടാമത്തെ കാത്ത് ലാബ് അനുവദിച്ചു.
- രണ്ടാമത്തെ ലീനിയർ ആക്സിലേറ്റർ സ്ഥാപിച്ചു
- 2021 വർഷത്തിൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ എം.ഡി. അനസ്തേഷ്യ കോഴ്സിന് 7 സീറ്റ്, എം എസ് ജനറൽ സർജറി കോഴ്സിന് 2 സീറ്റ്, ഡി എം ഇൻഫെക്ഷ്യസ് ഡിസീസ് കോഴ്സിന് 2 സീറ്റ്, എം സി എച്ച് പ്ലാസ്റ്റിക് & റീ കൺസ്ട്രക്റ്റീവ് സർജറി കോഴ്സിന് 1 സീറ്റ്, എം സി എച്ച് ന്യൂറോ സർജറി കോഴ്സിന് 2 സീറ്റ്, ഡി എം ന്യൂറോളജി കോഴ്സിന് 2 സീറ്റ് എന്നിങ്ങനെ അനുമതി നൽകി

- കോട്ടയം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ ആരംഭിക്കുന്നതിന്റെ ഭാഗമായി 17 അധ്യാപക തസ്തിക അനുവദിച്ചു.

- കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി

- ഇന്ത്യയിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ഡി.എം. ഇൻഫെക്ഷ്യസ് ഡിസീസ് കോഴ്സ് ആരംഭിച്ചു.

- കോട്ടയം മെഡിക്കൽ കോളേജുകൾക്ക് ലക്ഷ്യ അംഗീകാരം ലഭിച്ചു

- 4-D എക്കോ മെഷീൻ, പോർട്ടബിൾ എക്കോ മെഷീൻ എന്നിവ പ്രവർത്തന സജ്ജമാക്കി.

- ജനറൽ സർജറി വിഭാഗത്തിൽ ലാപ്രോസ്കോപ്പി യൂണിറ്റ് സ്ഥാപിച്ചു. ലാപ്രോസ്കോപ്പിക്ക് ശസ്ത്രക്രിയകൾ സാധ്യമാക്കി.

- അത്യാഹിത വിഭാഗത്തിൽ 2.3 കോടി രൂപ ചിലവിൽ മോഡുലർ ഓപ്പറേഷൻ തീയറ്റർ പ്രവർത്തന സജ്ജമാക്കി.

- ഇന്റർഗ്രേറ്റഡ് അനലൈസർ സ്ഥാപിച്ചു.

- കോട്ടയം മെഡിക്കൽ കോളേജിനു കീഴിലെ കുട്ടികളുടെ ആശുപത്രിയിൽ ഓക്സിജൻ ജനറേറ്റർ സ്ഥാപിച്ചു.

- സബ്സ്റ്റേഷനും 750 കെ.വി ജനറേറ്ററും സ്ഥാപിച്ചു.

- നെഫ്രോളജി ലാബ് നിർമ്മിച്ചു.

- ഗ്യാസ്ട്രോ ഇൻറസ്റ്റൈനൽ ആന്റ് എച്ച്.പി.ബി സർജറിയിൽ ഫെല്ലോഷിപ്പ് പ്രോഗ്രാമിനു അനുമതി നൽകി

- സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന് ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.

- ഇൻഫെക്ഷ്യസ് ഡിസീസ് വിഭാഗം ബ്ലോക്ക് നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകി.

- കാർഡിയോളജി ബ്ലോക്കിന്റ നിർമ്മാണം ത്വരിതഗതിയിൽ നടന്നു വരുന്നു.

- സർജിക്കൽ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

- ഫാർമസി കോളേജിന് പുതിയ കെട്ടിടം യാഥാർത്ഥ്യമാക്കി.

- (Construction of new Block for Paramedical students at Govt. Medical College, Kottayam" എന്ന പ്രവൃത്തിയുടെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചു.

- കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ ഡ്രഗ്ഗ് സ്റ്റോറിന്റെ നിർമ്മാണത്തിനായി (ബിൽഡിംഗ് & ഇലക്ട്രിഫിക്കേഷൻ വർക്കിന്) ഭരണാനുമതി നൽകുകയും ടി കെട്ടിടത്തിന്റെ ആദ്യഘട്ടമായി ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും, പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതുമാണ്.

- ഗവ. മെഡിക്കൽ കോളേജിൽ ഓഫ്താൽമോളജി വിഭാഗത്തിലെ മോഡുലാർ തിയറ്റർ നിർമ്മാണം പൂർത്തീകരിക്കുകയും ഇതിന്റെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതാണ്.

- എക്സാമിനേഷൻ ഹാൾ, ലക്ചറർ ഹാൾ & ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകി.

- കോട്ടയം മെഡിക്കൽ കോളേജിൽ ഡിപ്ലോമ ഇൻ എൻഡോസ്കോപ്പിക്ക് ടെക്നോളജി കോഴ്സ് ആരംഭിച്ചു. 4 സീറ്റ് കൂടാതെ ബി.പി.റ്റി, ബി.എസ്.സി റേഡിയോളജി, ബി.എസ്.സി റേഡിയോ തെറാപ്പി, ബി.എ.എസ്.സി.പി എന്നീ കോഴ്സുകൾ ആരംഭിക്കുവാൻ അനുമതി നൽകി എന്നാൽ കേരള ആരോഗ്യ സർവ്വകലാശാലയുടെ അഫിലിയേഷൻ നടപടികൾ സ്വീകരിച്ചു വരുന്നു.

- അത്യാഹിത വിഭാഗം, ഗൈനക്കോളജി ഒ.പി എന്നിവ നവീകരിച്ചു
- അത്യാധുനിക ഡ്യൂവൽ മോഡുലാർ ട്രാൻസ്പ്ലാന്റ് ഓപ്പറേഷൻ തിയറ്റർ പ്രവർത്തന സജ്ജമായി.
- ഹീമോഫിലിയ വാർഡ് പ്രവർത്തനം ആരംഭിച്ചു.
- പുതിയ മോർച്ചറി ബ്ലോക്ക് ആരംഭിച്ചു.
- ഗൈനക്കോളജി വിഭാഗത്തിലെ ലാബ് 24 മണിക്കൂർ പ്രവർത്തനം ആരംഭിച്ചു.
- കൂട്ടിരിപ്പുകാർക്കുള്ള വിശ്രമ സ്ഥലം ആരംഭിച്ചു.
- കാർഡിയോളജി വിഭാഗത്തിലെ കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചു.
- സ്ലൈസ് സി 128 സ്കാൻ പ്രവർത്തന സജ്ജമാക്കി.
- ഇന്റേണൽ റോഡ് നവീകരിച്ചു.
- ഓട്ടിസം സെന്റർ, റെറ്റിന യൂണിറ്റ് എന്നിവ ആരംഭിച്ചു.
- ക്യാൻസർ ശസ്ത്രക്രിയ വിഭാഗം ആരംഭിച്ചു.
- കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയ വിഭാഗം നവീകരിച്ചു.
- വിവിധ വാർഡുകൾ നവീകരിച്ചു.
- അത്യാഹിത വിഭാഗത്തിലെ താക്കോൽ ദ്വാര ശസ്ത്രക്രിയയ്ക്കുള്ള ആധുനിക ലാപ്രോസ്കോപ്പിക് മെഷീൻ പ്രവർത്തന സജ്ജമായി.
- നെഫ്രോളജി വിഭാഗത്തിലെ സി.ഡി.ഐ.പി.ഐ.സി.യു പ്രവർത്തന സജ്ജമായി.
- ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിലെ സിങ്കിൾ ബലൂൺ എൻട്രോസ്കോപ്പ് പ്രവർത്തന സജ്ജമായി.
- 11 സ്റ്റാഫ് നഴ്സ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.
- ആർദ്രം പദ്ധതി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഒ പി വിഭാഗങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ചു.
- ഗൈനക്കോളജി വിഭാഗത്തിൽ 4 മോഡുലാർ ഓപ്പറേഷൻ തീയറ്റർ പ്രവർത്തന സജ്ജമായി.

- സി.റ്റി സിമുലേറ്റർ സ്ഥാപിച്ചു.
- കാർഡിയോളജി വിഭാഗത്തിൽ കൂട്ടിരിപ്പുകാരുടെ വിശ്രമകേന്ദ്രം പണി കഴിപ്പിച്ചു
- ശൗചാലയ സമുച്ചയം സ്ഥാപിച്ചു.
- MCF ഖര മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചു.
- പവർ ലോൺട്രി ആധുനികവൽക്കരിച്ചു.
- കാലിബ്രേഷൻ ലാബ് ആരംഭിച്ചു
- സൂപ്രണ്ട് ഓഫീസ് നവീകരിച്ചു
- ഇരുപത്തിനാലാം വാർഡ് (യു.ഡി.ഐ)
- ഇരുപത്തിമൂന്നാം വാർഡ് (ക്യാൻസർ ഡേ കെയർ സെന്റർ) എന്നിവ നവീകരിച്ചു.
- എം .ആർ .ഐ സ്കാൻ സ്ഥാപിച്ചു
- ഡി .എസ് .എ പ്രവർത്തനം ആരംഭിച്ചു.
- ലിനീയർ ആക്സിലറേറ്റർ സ്ഥാപിച്ചു.
- ലക്ഷ്യ പ്രോജക്ട്
- 6 LDR suit, 2 OT, ICU
- HS quarter
- കാർഡിയോളജി വിഭാഗത്തിൽ intravascular ultra sound, rotablater,oct എന്നീ യന്ത്രങ്ങൾ സ്ഥാപിച്ചു . BEVCO യുടെ സി എസ് ആർ ഫണ്ടുപയോഗിച്ച് കാർഡിയോളജി വിഭാഗത്തിൽ ഒ .സി .റ്റി മെഷീൻ സ്ഥാപിച്ചു.
- കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയ തിയറ്റർ ഐ.സിയു. എന്നിവ എൻ.എച്ച്.എം വഴി പൂർത്തീകരിച്ചു.
- Negative Pressure OT പ്രവർത്തനം ആരംഭിച്ചു.
- മെഡിക്കൽ വാർഡ് നവീകരിച്ചു.
- ബേൺസ് വാർഡ് പൂർത്തീകരിച്ചു.
- സ്കിൽ ലാബ് പ്രവർത്തനം ആരംഭിച്ചു.
- ആശുപത്രി ഫ്രണ്ട് ഓഫീസ് നവീകരിച്ചു. മെഡിക്കൽ ഒ പി നവീകരിച്ചു.
- ശ്രീ. സുരേഷ് കുറുപ്പ് എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് വാങ്ങിയ വെന്റിലേറ്റർ, പി.സി.ആർ മെഷീൻ എന്നിവ പ്രവർത്തനം ആരംഭിച്ചു.
- ഭിന്നശേഷികാർക്കുള്ള റാമ്പ്, ടോയ് ലെറ്റ് എന്നിവ സ്ഥാപിച്ചു.
- ഓക്സിജൻ ജനറേറ്റർ കെട്ടിടം സ്ഥാപിച്ചു.

- NABH അക്രഡിറ്റേഷനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.
- സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് - ശിലാസ്ഥാപനം
- നവീകരിച്ച ന്യൂറോ സർജറി (വാർഡ് 7), കണ്ണിന്റെ സർജറി (വാർഡ് 8)
- 750 കെ .വി ജനറേറ്റർ
- നെഫ്രോളജി ലാബ്
- കാർഡിയോളജി വിഭാഗം
- 4 ഡി എക്കോമെഷീൻ, പോർട്ടബിൾ എക്കോ മെഷീൻ
- മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF), Aerobic Composting Unit, ബയോഗ്യാസ് പ്ലാന്റ്,
- പുതിയ ലിഫ്റ്റ് 1 എണ്ണം, ബ്ലഡ് ബാങ്ക്,
- ICU (കാഷ്വാലിറ്റി മൂന്നാം നില), Under ECRP II,
- നഴ്സിംഗ് ഓഫീസ് നവീകരണം,

- നവീകരിച്ച് ഒ പി ഫാർമസി,
- നവീകരിച്ച കാസ്പ് കൗണ്ടർ (പെയിംഗ് കൗണ്ടറിന് സമീപം),
- ലാപ്രോസ്കോപ്പി പ്രോജക്ട്
- മോഡുലാർ ഓപ്പറേഷൻ തീയറ്റർ-കാഷ്വാലിറ്റി ബ്ലോക്ക്,
- ഐ.സി.യു ആംബുലൻസ്,
- സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പുനരുദ്ധാരണം,
- ഇന്റർഗ്രേറ്റഡ് അനലൈസർ
- സ്ട്രോക്ക് യൂണിറ്റ്
- പാലിയേറ്റീവ് കെയർ യൂണിറ്റ്, റീഹാബിലിറ്റേഷൻ യൂണിറ്റ്, Grief Care Services എന്നീ പ്രവർത്തികൾ നടന്നു.

ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട്, ആരോഗ്യ കിരണം, അമ്മയും കുഞ്ഞും പദ്ധതി, ശ്രുതി തരംഗം, ആവാസ്, മെഡിസെപ്പ് പോലുള്ള വിവിധ ചികിത്സ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു. എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതികളുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി</u>**

- നിലവിലുണ്ടായിരുന്ന ഇടുക്കി ജില്ലാ ആശുപത്രിയും ഉപകരണങ്ങളും മെഡിക്കൽ കോളേജിലേക്ക് ചേർത്ത് ഇടുക്കി മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചു.
- ഇടുക്കി മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി പാർപ്പിട സൗകര്യങ്ങൾ നിർമ്മിക്കുന്നതിനായി ഭരണാനുമതി ലഭ്യമാക്കുകയും 10 കെട്ടിടങ്ങളാണ് അവയിൽ ഉൾപ്പെടുത്തിയിരുന്നത്. അവയിൽ നിലവിലുള്ള സ്ഥലത്ത് 07 കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. അവയിൽ തന്നെ ബോയ്സ് ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിച്ച് കുട്ടികൾക്ക് താമസിക്കുവാൻ അനുവദിച്ചിട്ടുണ്ട് , 3BHK ടീച്ചിങ് ക്വാർട്ടേഴ്സ് നിർമ്മാണം ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്.
- റെസിഡൻഷ്യൽ ഫെസിലിറ്റിയുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു.
- റേഡിയോഡയഗ്നോസിസ് വിഭാഗത്തിൽ സി.ടി, എക്സ്റേ, അൾട്രാ സൗണ്ട് മെഷീൻ എന്നിവ സ്ഥാപിച്ചു.
- രോഗി സൗഹൃദ ആശുപത്രി ആക്കി മാറ്റുവാനും, സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനായി നിർമ്മാണം പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരുന്നു. അശുപത്രി ബ്ലോക്ക് 1- ന്റെ നിർമാണം പൂർത്തീകരിച്ചു. ലാബുകൾ, ഒ.പി, ഐ.പി എന്നിവ പ്രവർത്തനമാരംഭിച്ചു. ആശുപത്രി ബ്ലോക്ക് ബ്ലോക്ക് 2 നിർമാണം 80% പൂർത്തികരിച്ചു. ഇടുക്കി സൗഹൃദമാക്കുന്നതിനും, ആർദ്രം മിഷൻ മുഖേന രോഗി സൗഹൃദ ആശുപത്രി ആക്കി മാറ്റുവാനും, ലാബുകൾ, ഒ.പി, ഐ.പി എന്നിവ പ്രവർത്തിച്ചു വരുന്നു. ഒ.പിയിൽ, പ്രായമായവർക്കും, സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകമായി ഇരിപ്പിടം, കുടിവെള്ള സൗകര്യങ്ങൾ, കൂടാതെ ഹീമോഫിലിയ രോഗികൾക്ക് പ്രത്യേക ലബോറട്ടറി പരിശോധന സൗകര്യം, ' Club Foot 'ചികിത്സ ക്ലിനിക്കും, ആർദ്രംമിഷൻ ഒന്നാം ഘട്ട പദ്ധതിയിൽ നടപ്പിലാക്കി. ഇടുക്കി മെഡിക്കൽ കോളേജ് 100 എം.ബി.ബി.എസ് സീറ്റ് അഡ്മിഷന് എൻ.എം.സി അംഗീകാരം 2022 - ൽ ലഭിച്ചു.

ഇടുക്കി മെഡിക്കൽ കോളേജിനോട് - അനുബന്ധമായി നഴ്സിങ് കോളേജ് ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

- മെഡിക്കൽ കോളേജിലേക്ക് 11 കെ വി ഫീഡർ സംവിധാനം ഏർപ്പെടുത്തുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.
- ഇടുക്കി മെഡിക്കൽ കോളേജിലെ റോഡ്സ്-സംരക്ഷണ ഭിത്തി നിർമ്മാണത്തിനായി ഭരണാനുമതി ലഭ്യമാക്കുകയും നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരികയും ചെയ്യുന്നു.
- ഇടുക്കി മെഡിക്കൽ കോളേജിന് അനുബന്ധമായി 60 സീറ്റുകളോടുകൂടിയ പുതിയ നെഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം</u>**

- കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചു.
- കിഫ്ബി വഴി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് മാതൃശിശു സംരക്ഷണ വിഭാഗം എന്നിവ ഉൾപ്പെടുന്ന ആശുപത്രി സമുച്ചയവും സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.
- മാലിന്യ സംസ്കരണ പ്ലാന്റിന്റെ നവീകരണം പൂർത്തികരിച്ചു.
- സി സി ടി വി സ്ഥാപിച്ചു.
- പുതിയ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു.
- ഡിജിറ്റൽ റേഡിയോഗ്രാഫി & ഫ്ലൂറോസ്കോപ്പി യൂണിറ്റ് സ്ഥാപിച്ചു.
  ജനറൽ സർജറി വിഭാഗത്തിലും, ഒ & ജി വിഭാഗത്തിലും High Definition Laparoscopy System സ്ഥാപിച്ചു.
- പീഡിയാട്രിക്സ് വിഭാഗത്തിൽ പോർട്ടബിൾ അൾട്രാസൗണ്ട് മെഷീൻ സ്ഥാപിച്ചു.
- വേസ്റ്റ് മാനേജ്മെന്റിന് വേണ്ടി തുമ്പർമൂഴി മോഡൽ എയ്റോബിക് കമ്പോസ്റ്റിങ് യൂണിറ്റ് സജ്ജീകരിച്ചു.
- വേസ്റ്റ് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സജ്ജീകരിച്ചു.
- CT യും MRI യും സ്ഥാപിച്ചു.
- എറണാകുളം മെഡിക്കൽ കോളേജിൽ തസ്തികകൾ സൃഷ്ടിച്ച് നെഫ്രോളജി, കാർഡിയോളജി ന്യൂറോളജി വിഭാഗങ്ങൾ ഉൾപ്പെടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആരംഭിച്ചിട്ടുണ്ട്.

- കളമശ്ശേരി മെഡിക്കൽ കോളേജിൽ മാതൃശിശു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്
- എറണാകുളം മെഡിക്കൽ കോളേജിൽ ഡിജിറ്റൽ മാമോഗ്രാഫി സംവിധാനം സ്ഥാപിച്ചു.
- എറണാകുളം മെഡിക്കൽ കോളേജിൽ ഡയാലിസിസ് ബ്ലോക്ക് വിപുലീകരണം പൂർത്തിയായി പ്രവർത്തനമാരംഭിച്ചു.
- എമർജൻസി ആന്റ് ക്രിട്ടിക്കൽ കെയർ ബ്ലോക്ക്

- രോഗികളുടെ ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ് പരിപാലിക്കുന്നതിലേക്കായി ഇ-ഹെൽത്ത് പദ്ധതി ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു.
- നിലവിലുള്ള എം.ആർ.ഐ, ഡയാലിസിസ് സേവനങ്ങളുടെ സമയം 3 ഷിഫ്റ്റുകളായി ദീർഘിപ്പിച്ചു. ഇതിനായി 2 ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകളും സൃഷ്ടിച്ചു.
- കാർ പാർക്കിംഗ് സൗകര്യം ഉൾപ്പെടെ 4 നിലകളിലായി 14,639 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ പണികഴിപ്പിച്ച 8 ഡോക്ടേഴ്സ് ഫാമിലി ക്വാർട്ടേഴ്സ് പണികഴിപ്പിച്ചു.
- ടൈലുകൾ പാകിയും ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരന്മാർക്കും പ്രയോജനകരമാകുന്ന രീതിയിലുള്ള ടോയ്ലറ്റുകൾ സ്ഥാപിച്ച് 20 പേ വാർഡ് മുറികൾ നവീകരിച്ചു.
- ആർദ്രം പദ്ധതി വഴി ഒ.പി കളുടെ നവീകരണം പൂർത്തിയാക്കി രോഗീ സൗഹൃദമാക്കി.
- എസ്.ടി.പി പ്ലാന്റ് പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു.
- ഓക്സിജൻ ജനറേറ്റർ പ്ലാന്റ് സ്ഥാപിച്ചു.
- Renovation of room behind the Cytology Lab ന്റെ പ്രവൃത്തി പൂർത്തീകരിച്ചു.
- Construction of Biomedical Waste Storage Shed ന്റെ പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
- Renovation of Existing Library for Meeting MCI Requirement ന്റെ പ്രവൃത്തി പൂർത്തീകരിച്ചു.
- Animal House നവീകരിച്ച ART സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചു.
- Bed cum passenger lift ന്റെ പ്രവൃത്തികൾ പൂർത്തിയായി.
- 50 കിടക്കകളോട് കൂടിയ Critical Care Block – ന് ഭരണാനുമതി ലഭ്യമാക്കി.
- isolation Block with Multidisciplinary ICU ന് ഭരണാനുമതി നൽകി
- ആശുപത്രി അത്യാഹിത വിഭാഗം നവീകരിച്ചു.
- 13 കെ.എൽ ലിക്വിഡ് ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചു.
- External Painting of Block C,D & E Building ന്റെ പ്രവൃത്തി പൂർത്തീകരിച്ചു
- In pump House ന്റെ പ്രവൃത്തി പൂർത്തീകരിച്ചു
- Gas Plant ന്റെ നവീകരണ പ്രവൃത്തി പൂത്തീകരിച്ചു.
- രോഗീ സൗഹൃദ ആരോഗ്യ പരിചരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ആർദ്രം പദ്ധതി മുഖേന എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒ.പി വിഭാഗത്തിന്റെയും ഫാർമസിയുടെയും പരിവർത്തനം നടപ്പാക്കി . രോഗികൾക്ക് വിശാലമായ ഇരിപ്പിടം ഒരുക്കിയും രജിസ്ട്രേഷൻ ബില്ലിംഗ് കൗണ്ടറുകളുടെ എണ്ണം കൂട്ടിയും ഒ.പി മുറികളിൽ എ.സി കൾ സ്ഥാപിച്ചും ഒ പി ബ്ലോക്കുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ആകാശ പാത നിർമ്മിച്ചും ശുചീകരണ മുറികൾ നവീകരിച്ചും ഒ .പി വിഭാഗത്തിലെ അന്തരീക്ഷം മെച്ചപ്പെടുത്തിയും 12 ഫാർമസി കൗണ്ടറുകൾ സ്ഥാപിച്ചും HLL, കാരുണ്യ ഫാർമസികൾ പ്രവർത്തനം കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചും രോഗികൾക്ക് കൂടുതൽ പ്രയോജനപ്രദമാക്കി.
- രോഗികൾക്ക് കൂടുതൽ ചികിത്സ സൗകര്യങ്ങൾ നൽകുന്നതിലേക്കായി എമർജൻസി ഓപ്പറേഷൻ തീയറ്റർ, ഫുള്ളി ഓട്ടോമാറ്റിക് ബയോകെമിസ്ട്രി അനലൈസർ, റെറ്റിനൽ ലേസർമെഷീനും സ്ഥാപിച്ചു. ടു വേ കമ്മ്യൂണിക്കേഷൻ സിസ്റ്റവും, ഡിജിറ്റൽ

പേയ്മെന്റ് സംവിധാനവും, മൊബൈൽ റേഡിയോഗ്രാഫി യൂണിറ്റ്, ക്രഷ്, പ്രിവെന്റീവ് ക്ലിനിക്ക്, ബ്ലഡ് കളക്ഷൻ യൂണിറ്റ് സജ്ജമാക്കി.

- എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സാധാരണക്കാരായിട്ടുള്ള രോഗികൾക്ക് സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്നതിനായി വിവിധ സ്കീമുകൾ നടപ്പിലാക്കി വരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട്, ആരോഗ്യ കിരണം, ആർ.ബി.എസ്.കെ, മിഠായി ക്ലിനിക്ക്, മെഡിസെപ്പ്, ആവാസ്, ജനനി ശിശു സുരക്ഷ പദ്ധതി എന്നീ പദ്ധതികൾ വഴി അർഹരായ എല്ലാവർക്കും സൗജന്യ ചികിത്സ നൽകി വരുന്നു.
- എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ സ്ഥാപിച്ച ഇമേജിംഗ് സെന്ററിൽ CT, MRI, സ്തനാർബുദരോഗ പ്രതിരോധത്തിന് മുതൽക്കൂട്ടാവുന്ന ഡിജിറ്റൽ മാമോഗ്രാഫി മെഷീൻ എന്നിവ സ്ഥാപിക്കുകയും പൊതുജന സേവനം ലഭ്യമാക്കുകയും ചെയ്തു വരുന്നു.
- ഓപ്പറേഷൻ തീയറ്റർ കെട്ടിടവും വാർഡുകളെയും ബന്ധിപ്പിച്ചു കൊണ്ടുള്ള കണക്റ്റിംഗ് ബ്രിഡ്ജും റാമ്പും നിർമ്മിച്ചു.
- ബേൺസ് യൂണിറ്റ് നവീകരണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.
- നിലവിലുള്ള റാമ്പിന്റെ അറ്റകുറ്റപ്പണികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു .
- പി വാർഡ്, കെ വാർഡ് എന്നിവയുടെ നവീകരണ പ്രവർത്തികൾ പുരോഗിച്ചു കൊണ്ടിരിക്കുന്നു .
- ഇ ,എഫ്, ജി,എച്ച്, ജെ വാഡുകളുടെ ലീക്ക് പരിഹരിക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ പുരോഗിച്ചു കൊണ്ടിരിക്കുന്നു.
- ഹോസ്പിറ്റൽ കെട്ടിടങ്ങളിലെ കേടായ പ്ലംബിംഗ് ഉപകരണങ്ങൾ, ഡോർ, വിൻഡോ എന്നിവയുടെ അറ്റകുറ്റപ്പണികൾ പുരോഗിച്ചു കൊണ്ടിരിക്കുന്നു.
- ഹോസ്പിറ്റൽ കെട്ടിടങ്ങളിലെ വാട്ടർ ലീക്കേജ് പരിഹരിക്കുന്നതിനുള്ള പ്രവർത്തികൾ പുരോഗിച്ചു കൊണ്ടിരിക്കുന്നു .
- Women's Amenity Centre പ്രവർത്തന സജ്ജമാക്കി.
- കൊറോണ രോഗികൾക്ക് പ്ലാസ്മതെറാപ്പി നൽകാൻ ഉതകുന്ന അഫേർസിസ് മെഷീൻ സ്ഥാപിച്ചു.
- ആധുനിക ജീവൻ രക്ഷ ഉപകരണങ്ങളായ വെന്റിലേറ്റർ, മൾട്ടി പാരാമോണിറ്റർ വിത്ത് കാപനോഗ്രാം & ഐ.പി.എം, ഡിഫ്രിബിലേറ്റർ വിത്ത് കാർഡിയാക് മോണിറ്റർ തുടങ്ങിയ സൗകര്യങ്ങളുള്ള ആംബുലൻസ് ലഭ്യമാക്കി.
- ആശുപത്രി അത്യാഹിത വിഭാഗം നവീകരിച്ചു.
- ക്യാമ്പസ് സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ക്യാമ്പസിൽ ഹൈമാസ്റ്റ് വിളക്കുകൾ ഉൾപ്പെടെയുള്ള വിപുലമായ സ്ട്രീറ്റ് ലൈറ്റ് സംവിധാനം ഒരുക്കി
- ഓക്സിജൻ ജനറേറ്റർ പ്ലാന്റ് സ്ഥാപിച്ചു.
- നിലവിലുള്ള എം.ആർ.ഐ, ഡയാലിസിസ് സേവനങ്ങളുടെ സമയം 3 ഷിഫ്റ്റുകളായി ദീർഘിപ്പിച്ചു. 2 ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തിക സൃഷ്ടിച്ചു.

**<u>സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ</u>**

- കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചു.

- വിവിധ വകുപ്പുകളിലായി 19 തസ്തികകളും കാർഡിയോ തൊറാസിക് വിഭാഗം ആരംഭിക്കാൻ 14 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.
- 2 സീറ്റോടു കൂടി DM കാർഡിയോളജി കോഴ്സും തുടങ്ങിയിട്ടുണ്ട്.
- എം സി എച്ച് ന്യൂറോ സർജറി കോഴ്സിന് 2 സീറ്റ് ലഭിച്ചു.
- ക്യാൻസർ രോഗികൾക്കായി കീമോ ഡേകെയർ സെന്റർ പണികഴിപ്പിച്ചു.
- സി.ടി സ്കാനർ സ്ഥാപിച്ചു.
- കാത്ത് ലാബ്, ജെറിയാട്രിക്ക് ക്ലിനിക്, കീമോ ഡേകെയർ, വൈറോളജി ലാബ് എന്നിവ പ്രവർത്തനമാരംഭിച്ചു.
- രണ്ട് കെട്ടിടങ്ങളിലായി 24 അപ്പാർട്ടുമെന്റുകൾ പി.ജി. വിദ്യാർത്ഥികൾക്കായി പണി പൂർത്തിയാക്കി.
- ആർദ്രം മിഷൻ പദ്ധതി ഒ.പി.നവീകരണം പൂർത്തിയാക്കി.
- പി.ജി. റെസിഡന്റ്സ് ക്വാർട്ടേഴ്സ് പൂർത്തിയാക്കി.
- സെൻട്രൽ ബയോമെഡിക്കൽ പ്ലാന്റ് ആയിരം കിടക്കകൾക്കു വരെ കംപ്രസ്ഡ് എയർ വിതരണം ചെയ്യാൻ പര്യാപ്തമായ പ്ലാന്റ് ആയി ഉയർത്തി പുനഃസ്ഥാപിച്ചു.
- ആധുനിക സൗകര്യങ്ങളോടുകൂടി വിവിധ പരിശീലന പരിപാടികൾ നടത്താൻ സാധിക്കും വിധമുള്ള NELS ട്രെയിനിംഗ് സെന്റർ തൃശ്ശൂർ മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിട്ടുണ്ട്.
- തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ എസ്തറ്റിക് ഡെർമറ്റോളജി സ്യൂട്ട് ആരംഭിച്ചു.
- നിയോനാറ്റോളജി വിഭാഗം ആരംഭിച്ചു.
- തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിന്റെ നിരീക്ഷണത്തിനും സുരക്ഷയ്ക്കും വേണ്ടി വിവിധ ഭാഗങ്ങളിലായി നിരീക്ഷണ ക്യാമറ സിസ്റ്റം സ്ഥാപിച്ചു.
- ആധുനിക നെഗറ്റീവ് പ്രഷർ സംവിധാനത്തോടുകൂടിയ കുട്ടികളുടെ ഐ.സി.യു - വും അനുബന്ധ സൗകര്യങ്ങളും തൃശ്ശൂർ മെഡിക്കൽ കോളേജിൽ സ്ഥാപിച്ചു.
- ലിക്വിഡ് ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചു. ഓക്സിജൻ ജനറേഷൻ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്.
- 7 നിലകളിലുള്ള 2 പി.ജി. ഹോസ്റ്റലുകൾ പൂർണ്ണമായി പ്രവർത്തന സജ്ജമാക്കി.
- ഭിന്നശേഷി, ഓട്ടിസം കുട്ടികൾക്കുള്ള പരിശീലന പദ്ധതികളും അവരുടെ മാതാപിതാക്കളെ പര്യാപ്തമാക്കുന്ന പരിശീലന പരിപാടികളും നടത്തുന്നതിനായുള്ള RBSK ട്രെയിനിംഗ് സെന്റർ തൃശ്ശൂർ മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിട്ടുണ്ട്.
- ട്രോമ കെയർ ആന്റ് ട്രയാജ് കെട്ടിടം വിപുലീകരിച്ച് അത്യാഹിത വിഭാഗത്തിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി രോഗീ സൗഹൃദമാക്കാൻ സാധിച്ചു.
- ആധുനിക സൗകര്യങ്ങളോടുകൂടിയ ബേൺസ് യൂണിറ്റ് തൃശ്ശൂർ മെഡിക്കൽ കോളേജിൽ സ്ഥാപിച്ചു.

- എം.ആർ.ഐ സ്കാനിംഗ് മെഷീൻ സ്ഥാപിക്കാൻ ഭരണാനുമതി നൽകി
- സി.വി.ഐ ക്ലിനിക്ക് ആരംഭിച്ചു.
- ഡിജിറ്റൽ റേഡിയോഗ്രാഫിക് സിസ്റ്റം സ്ഥാപിച്ചു.
- ദന്തൽ കോളേജ് ഹോസ്റ്റൽ നിർമ്മാണത്തിന് 2.15 കോടി അനുവദിച്ചു
- സെൻട്രൽ ലൈബ്രറി കം ഓഡിറ്റോറിയം 5 കോടി അനുവദിച്ചു.
- ചികിത്സ, വിദ്യാഭ്യാസം, ഗവേഷണം, തുടങ്ങിയ എല്ലാ രംഗങ്ങളിലും നൂതന ഒട്ടേറെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ അനുവദിച്ചു.

കുട്ടികളുടെ ICU, SNCU, HDU സൗകര്യങ്ങളുടെ വിപുലീകരണം, സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ, പി.ജി ഹോസ്റ്റൽ, ക്യാമ്പസ് ,CCTV നിരീക്ഷണ സംവിധാനം, ബയോമെഡിക്കൽ പ്ലാന്റ് , ഹൗസ് സർജൻസ് ഹോസ്റ്റൽ, എംബാമിങ് റൂം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം MRI സ്കാനും മറ്റ് ആധുനിക ഉപകരണങ്ങളും (ഡിജിറ്റൽ റേഡിയോഗ്രാഫി, ഡിജിറ്റൽ ഫ്ലൂറോസ്കോപ്പി etc റേഡിയോളജി വിഭാഗത്തിന് വേണ്ടി വാങ്ങിയതു വഴി രോഗ നിർണ്ണയം കൂടുതൽ വേഗത്തിലും കാര്യക്ഷമമായും നടക്കുന്നതിന് സാഹചര്യമൊരുക്കി ഇവയ്ക്ക് പുറമെ പുതിയൊരു CT സ്കാൻർ കൂടി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

<u>നിർമ്മാണ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ</u>

- ലൈബ്രറി കം ഓഡിറ്റോറിയം
- പാരാമെഡിക്കൽ എഡ്യൂക്കേഷൻ കെട്ടിടം
- പി.ജി റസിഡന്റ് ക്വാർട്ടേഴ്സ് നിർമ്മാണം
- ആശ്വാസ വാടകവീട് ( രോഗികൾക്കും കൂട്ടിരിപ്പുകാർക്കും താമസ സൗകര്യം ) –
- പേ വാർഡ് നിർമ്മാണം രണ്ടാം ഘട്ടം
- ലക്ചർ ഹാളുകളിലെ ഗാലറി നിർമ്മാണം

ഉടൻ നിർമ്മാണം ആരംഭിക്കുന്ന പദ്ധതികൾ

- സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്
- മദർ & ചൈൽഡ് ബ്ലോക്ക്
- ഐസോലേഷൻ ബിൽഡിങ് - ഇൻഫെക്ഷൻ ഡിസീസസ്

തൃശ്ശൂർ മെഡിക്കൽ കോളേജിൽ കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച ഒരു വികസന മിഷനായ ആർദ്രം മിഷന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങളുടെ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. പെയിന്റിംഗ് ജോലികളും പുതിയ കൗണ്ടറുകളുടെ നിർമ്മിതിയും പൂർത്തീകരിച്ചിട്ടുണ്ട്. മതിയായ നാമ ഫലകങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മെയിൻ ഏരിയയിൽ ടെലിവിഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടോക്കൺ സമ്പ്രദായം എല്ലാ നിലകളിലും ഒ.പി.കളിൽ സ്ഥാപിച്ചിട്ടുണ്ട്. ഒ.പി. കളിൽ ടോക്കൺ സംവിധാനം തുടങ്ങി. ഹരിത കേരളം

മിഷനുമായി സഹകരിച്ച് ആശുപത്രിയിൽ നല്ല രീതിയിൽ വേസ്റ്റ് മാനേജ്മെന്റ് നടത്തുന്നുണ്ട്. ആധുനിക ചികിത്സ കാൻസർ സുരക്ഷ ഉപകരണമായ ലീനിയർ ആക്സിലറേറ്റർ തൃശൂർ മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2 സി.റ്റി സ്കാനറുകളും പ്രവർത്തിക്കുന്നു. ഇ-ഹെൽത്ത്, ഇ-സഞ്ജീവനി തുടങ്ങിയവയും പ്രവർത്തിക്കുന്നു. ഓൺലൈനിൽ ഒ പി ടിക്കറ്റ് ബുക്ക് ചെയ്യുന്നതിനുള്ള മൊബൈൽ ആപ്പ് ആയ MCCH ടോക്കൺ എന്ന സംവിധാനവും തൃശൂർ മെഡിക്കൽ കോളേജിൽ നെഞ്ചുരോഗാശുപത്രിയിൽ പ്രവർത്തിക്കുന്നുണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ച് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, മെറ്റേർണൽ ചൈൽഡ് ബ്ലോക്ക് എന്നിയവയുടെ നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അത്യാധുനിക ട്രോമ കെയർ യൂണിറ്റ്, ബേൺസ് യൂണിറ്റ് എന്നിവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 24 മണിക്കൂറും ചികിത്സ നൽകുന്ന കാഷ്വാലിറ്റി നല്ല രീതിയിൽ തന്നെ പ്രവർത്തിക്കുന്നുണ്ട്. കുട്ടികളിലുണ്ടാകുന്ന വൈകല്യങ്ങൾ നേരത്തെ കണ്ടുപിടിച്ച് ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങളുള്ള REIC & Autism Centre തൃശൂർ മെഡിക്കൽ കോളേജിൽ 2017 മുതൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. നവജാത ശിശുക്കൾക്ക് പ്രത്യേക ശ്രദ്ധയും ചികിത്സയും നൽകുന്നതിന് നിയോ നാറ്റോളജി, കോവിഡ് ഉൾപ്പെടെയുള്ള ടെസ്റ്റുകൾ നടത്തുന്നതിനും രോഗം സ്ഥിരീകരിക്കുന്നതിനും VDRL Lab എന്നിവയും ഉണ്ട്. Surgical Oncology Theatre പ്രവർത്തനം ആരംഭിക്കാൻ സജ്ജമായിട്ടുണ്ട്.

## <u>സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി</u>

- മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിലവിൽ 21 വകുപ്പുകൾ പ്രവർത്തിച്ചു വരുന്നു. 530 ബെഡ്ഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി , ഐ. സി. യു, ഓപ്പറേഷൻ തീയേറ്റർ, ഫാർമസി ബ്ലഡ്ഡ് ബാങ്ക്, ഇ. സി. ജി ലാബ്, റേഡിയോ ഡയഗ്നോസിസ് സർവ്വീസ് തുടങ്ങിയവ പ്രവർത്തിക്കുന്നു.
- ഓങ്കോളജി, നെഫ്രോളജി, ന്യൂറോളജി വിഭാഗങ്ങളിൽ വിദഗ്ദ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.
- വൃക്ക രോഗികളുടെ ചികിത്സയ്ക്കായി എട്ട് ഡയാലിസിസ് മെഷീനുകൾ പ്രവർത്തിച്ചു വരുന്നു.
- മൊബൈൽ ഐ. സി. യു യൂണിറ്റ്, പെയിൻ ആന്റ് പാലിയേറ്റീവ് സംവിധാനം എന്നീ സേവനങ്ങളും ഈ സ്ഥാപനത്തിൽ ലഭ്യമാണ്.
- സർക്കാരിന്റെ വിവിധ ഇൻഷ്വറൻസി പദ്ധതികളിലൂടെ അർഹരായവർക്ക് വിദഗ്ധ ചികിത്സ സൗജന്യമായി നൽകി വരുന്നുണ്ട്.
- മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ 3 ഡിപ്പാർട്ടുമെന്റുകളിലായി 6 പി.ജി സീറ്റുകൾ തുടങ്ങുന്നതിനുള്ള അനുമതി നാഷണൽ മെഡിക്കൽ കമ്മീഷനിൽ നിന്നും ലഭ്യമാകുകയും ആയതിന്റെ പ്രവേശന നടപടികൾ പൂർത്തീകരിച്ചു കോഴ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽ പി. ജി വിദ്യാർത്ഥികളുടെ സേവനവും ആശുപത്രിയിൽ ഉപയോഗപ്പെടുത്തി വരുന്നു.
- മഞ്ചേരി മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അക്കാദമിക് കെട്ടിടങ്ങൾ കൂടാതെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രത്യേകം ഹോസ്റ്റലുകൾ, ടീച്ചിംഗ്, നോൺ

ടീച്ചിംഗ് ജീവനക്കാർക്ക് പ്രത്യേകം ക്വോട്ടേഴ്സുകൾ , ഇന്റേണൽ റോഡ്, ആഡിറ്റോറിയം എന്നീ പ്രവർത്തികൾ ആരംഭിക്കുകയും ആഡിറ്റോറിയത്തിന്റെ സിവിൽ പ്രവൃത്തികൾ ഒഴികെ ബാക്കി എല്ലാ കെട്ടിടങ്ങളുടെയും സിവിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതും മറ്റ് പ്രവൃത്തികൾ അവസാന ഘട്ടത്തിലുമാണ്.

- മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ സ്റ്റോർ കോംപ്ലക്സ് നിർമ്മാണ പ്രവർത്തികളുടെ പ്രാരംഭ പ്രവർത്തികൾ പൊതുമരാമത്ത് വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

- മഞ്ചേരി മെഡിക്കൽ കോളേജുകളിൽ പി.ജി കോഴ്സുകൾ ആരംഭിച്ചു.

- ഐ.സി.യു സംവിധാനം, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ പ്രവർത്തന സജ്ജമാക്കി

- മഞ്ചേരി മെഡിക്കൽ കോളേജുകളിൽ നഴ്സിംഗ് കോളേജ് (60 സീറ്റ് വീതം) ആരംഭിച്ചു.

- മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാത്ത് ലാബിന്റെ നിർ മ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു.

- മഞ്ചേരി മെഡിക്കൽ കോളേജിൽ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കി.

- മഞ്ചേരി മെഡിക്കൽ കോളേജുകളിൽ പി.ജി കോഴ്സുകൾ ആരംഭിച്ചു.

കാഷ്വാലിറ്റി നവീകരിക്കുകയും വിവിധ ബ്ലോക്കുകളെ ബന്ധിപ്പിച്ചു കൊണ്ട് റാമ്പ് സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. എം.ആർ.ഐ മെഷീൻ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് ചുമതലയിൽ കെട്ടിടം നിർമ്മിച്ചിട്ടുള്ളതുമാണ്. ആശുപത്രിയോട് ചേർന്ന് ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ലേബർറൂം നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ഡയാലിസിസ് യൂണിറ്റ്, വൈറൽ റിസർച്ച് ആന്റ് ഡയഗ്നോസിസ്റ്റിക് ലബോറട്ടറി എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആശുപത്രിയിൽ പുതിയ കംഫേർട് സ്റ്റേഷന്റെയും എൽ.എം.ഒ ടാങ്കിന്റെയും പ്രവർ ത്തികൾ ആരംഭിച്ചിട്ടുണ്ട്.

## <u>സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്</u>

- ആർദ്രം പദ്ധതിക്ക് കീഴിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒ.പി.ഡി ട്രാൻസ്ഫോർമേഷൻ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി.
- കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിൽ കേന്ദ്ര സർക്കാർ AIIMS അനുവദിക്കുന്ന അവസരത്തിൽ സ്ഥാപിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു.

- കേൾവിക്കുറവുള്ള കുട്ടികൾക്കും, മുതിർന്നവർക്കും ശ്രുതിതരംഗം പദ്ധതി മുഖേനെ കോക്ലിയർ ഇംപ്ലാന്റ് ബോൺ കണ്ടക്ഷൻ ഇംപ്ലാന്റബിൾ ഹിയറിംഗ് എയ്ഡ് (BAHA), ബോൺ ബ്രിഡ്ജ് എന്നീ ശസ്ത്രക്രിയകൾ സ്ഥിരമായി ചെയ്തുവരുന്നു.

- നിപ ചികിത്സക്ക് RTPCR, കോവിഡ് 19 ന് RTPCR, True NAT, RAT, ക്ഷയരോഗം നിർണ്ണയിക്കുന്നതിന് CBNAAT, True NAT, LPA,MGIT മറ്റ് സാംക്രമിക രോഗങ്ങൾനിർണ്ണയിക്കാനുള്ള RTPCR സംവിധാനങ്ങളും, ഓട്ടോമേറ്റഡ് ABST(Antibiotic Suceptibility Testing) VITEK ഉപയോഗിച്ച് ചെയ്യാനുള്ള സംവിധാനങ്ങളും സ്ഥാപിച്ചു.
- പോസ്റ്റ് കോവിഡ് മൾട്ടി സിസ്റ്റം ഇൻഫ്ളമേറ്ററി സിൻഡ്രോം എന്ന അതീവ ഗുരുതരാവസ്ഥയിലുള്ള രോഗത്തിന് IVIG എന്ന അതിനൂതന ചികിസാരീതി സൗജന്യമായി നൽകുന്നുണ്ട്.
- അർബുദേതര രോഗികൾക്ക് താക്കോൽദ്വാര ശസ്ത്രക്രിയകൾ, അൾട്രാ സൗണ്ട് സഹായത്തോടുകൂടി സ്തനാർബുദത്തിനുള്ള Guidewire ബയോപ്പി, പിത്ത വാഹിനിക്കുഴലിലെ തടസ്സം നീക്കുന്നതിനുള്ള ഓപ്പറേഷൻ ഒഴിവാക്കി കൊണ്ടുള്ള ചികിത്സാരീതിയായ ERCP Procedure, വെരിക്കോസ് വെയിന് വേണ്ടിയുള്ള അതിനൂതന ചികിത്സാരീതിയായ റേഡിയോ ഫ്രീക്വൻസി അബ്ലേഷൻ എന്നീ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തി.
- ആർദ്രം പദ്ധതി പ്രകാരം പ്രൈമറി വെയ്റ്റിംഗ് ഏരിയ, ഫാർമസി വെയ്റ്റിംഗ് ഏരിയ, കാൻസർ വെയ്റ്റിംഗ് ഏരിയ എന്നിവ നിർമ്മിച്ചു പ്രവർത്തനം തുടങ്ങി.
- കോഴിക്കോട് മെഡിക്കൽ കോളേജിൽ പെറ്റ് സ്കാൻ സ്ഥാപിക്കാൻ അനുമതി നൽകി.
- കോഴിക്കോട് മെഡിക്കൽ കോളേജുകൾക്ക് ലക്ഷ്യ അംഗീകാരം ലഭ്യമായി.
- കോഴിക്കോട് മെഡിക്കൽ കോളേജിലെ PMSSY പദ്ധതിയുടെ കീഴിലെ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ഉദ്ഘാടനം നിർവ്വഹിച്ച് നാടിന് സമർപ്പിച്ചു.
- കോഴിക്കോട് മെഡിക്കൽ കോളേജിൽ പെറ്റ് സി.റ്റി. സ്കാൻ സ്ഥാപിച്ചു.
- കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി പി.എം.എസ്.എസ്.വൈ സർജിക്കൽ ബ്ലോക്ക്, ആശുപത്രി ബ്ലോക്ക് എന്നിവയെ ബന്ധിപ്പിച്ച് ആകാശപാത നിർമ്മിച്ചു.
- കോഴിക്കോട് മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ 16 Slice CT, ആധുനിക സംവിധാനങ്ങളോടുകൂടിയ അൾട്രാ സൗണ്ട് മെഷീൻ എന്നിവ സ്ഥാപിച്ചു.
- കോഴിക്കോട് മെഡിക്കൽ കോളേജിൽ റസിഡൻസ് ക്വാർട്ടേഴ്സ് നിർമ്മാണം പൂർത്തിയാക്കി.
- ഓർത്തോ ഐ.സി.യു നിർമ്മാണം കോഴിക്കോട് മെഡിക്കൽ കോളേജിൽ പൂർത്തിയാക്കി.
- കോഴിക്കോട് നെഞ്ച് രോഗ ആശുപത്രിയിൽ ക്രിട്ടിക്കൽ കെയർ യൂണിറ്റ് പ്രവർത്തന സജ്ജമാക്കി.

- കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിൽ കേന്ദ്ര സർക്കാർ AIIMS അനുവദിക്കുന്ന അവസരത്തിൽ സ്ഥാപിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു.

- നിയോനാറ്റോളജി വിഭാഗം ആരംഭിച്ചു.

- ആദ്യ മദർ ന്യൂബോൺ കെയർ യൂണിറ്റ്

- കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് സജ്ജമാക്കി വരുന്നു.

- സർജിക്കൽ ഗ്യാസ്ട്രോ വിഭാഗത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി പി.ജി ആരംഭിക്കാൻ നടപടി സ്വീകരിച്ചു.

കോഴിക്കോട് മെഡിക്കൽ കോളേജിന് അനുവദിച്ച പി.എം.എസ്.എസ്.വൈ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ഉദ്ഘാടനം ചെയ്ത് പ്രവർത്തിച്ചു വരുന്നു. 7 നിലകളുള്ള കെട്ടിടത്തിൽ 5 സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ, 19 ഓപ്പറേഷൻ തീയറ്ററുകൾ, 10 തീവ്ര പരിചരണ യൂണിറ്റുകൾ ഐ.പി.ഡി, ഫാക്കൽറ്റി ഏരിയ എന്നിവ ഉൾക്കൊള്ളുന്നു. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയുടെ അത്യാഹിത വിഭാഗം കൂടുതൽ മെച്ചപ്പെടുത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രിയിൽ മുഴുവൻ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റികൾക്കും എമർജൻസി ഡിപ്പാർട്ടുമെന്റിനുമായി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള പി.എം.എസ്.എസ്.വൈ ബ്ലോക്ക് താഴെപ്പറയുന്ന സംവിധാനങ്ങൾ സഹിതം പ്രവർത്തിച്ചു വരുന്നു.

- കൂടുതൽ റെഡ് ഏരിയ ബെഡുകൾ
- കൂടുതൽ യെല്ലോ ഏരിയ ബെഡുകൾ
- പോയിന്റ് ഓഫ് കെയർ ലബോറട്ടറി സംവിധാനം
- റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിന്റെ വിവിധ സേവനങ്ങൾ എക്സ്റേ, സി.ടി, എം.ആർ.ഐ രോഗീ ബൈസ്റ്റാൻഡേഴ്സ് സൗഹൃദ സംവിധാനങ്ങൾ
- ലോകോത്തര നിലവാരം പുലർത്തുന്ന ഓപ്പറേഷൻ തിയറ്ററുകൾ
- ശസ്ത്രക്രിയയ്ക്ക് മുൻപും ശേഷവും പ്രവർത്തിച്ചിരുന്ന ഉന്നത നിലവാരം പുലർത്തുന്ന ഐ.സി.യുകൾ
- എമർജൻസി മെഡിസിൻ ഡിപ്പാർട്ട്മെന്റിന് കീഴിൽ ട്രയാജ് സംവിധാനത്തിന്റെ ശാക്തീകരണം.

- കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതിയ ഒ.പി ആന്റ് ഡയഗ്നോസ്റ്റിക് ബ്ലോക്ക് നിർമ്മാണത്തിന് നടപടികൾ പൂർത്തിയായി വരുന്നു. സാക്രമിക രോഗങ്ങളുടെ ചികിത്സയ്ക്കായി ഐസൊലേഷൻ ബ്ലോക്ക് നിർമ്മാണത്തിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

- ആർദ്രം പദ്ധതിക്ക് കീഴിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒ.പി.ഡി ട്രാൻസ്ഫോർമേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഓർത്തോപീഡിക്സ് ഒ.പി.ഡി, ജനറൽ സർജറി ഒ പി ഡി, ജനറൽ മെഡിസിൻ ഒ പി ഡി, സൈക്യാട്രി ഒ പി ഡി എന്നിവയുടെ നവീകരണ പ്രവർത്തികളും ആർദ്രം പദ്ധതിക്ക് കീഴിൽ പൂർത്തിയാക്കിയിട്ടുണ്ട്.

- ഇ-ഹെൽത്ത് പദ്ധതി പ്രകാരം നിലവിൽ ഐ.സി.ഡി യിൽ ഐ പി രജിസ്ട്രേഷനുകൾ, ഒ പി കൺസൾട്ടേഷൻ, അഡ്മിഷൻ, ലാബ്, അഡ്വാൻസ്ഡ് ഓഫ് ലൈൻ ടോക്കൺ ബുക്കിംഗ് മൊഡ്യൂളുകൾ എന്നിവ പൂർത്തിയാക്കി. ഐ.എം.സി.എച്ച് ഒ പി ഡി രജിസ്ട്രേഷൻ ഘട്ടത്തിലാണ്.

- കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ലെവൽ 1 ട്രോമ കെയർ സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

- കോഴിക്കോട് മെഡിക്കൽ കോളേജിലെ എം .സി .എച്ച്, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി, പി.എം. എസ് .എസ് വൈ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി എന്നീ ആശുപത്രികളെ ബന്ധിപ്പിച്ചു കൊണ്ട് ആകാശ പാതയിലൂടെ രോഗികൾക്ക് ദ്രുതഗതിയിൽ ചികിത്സ ലഭിക്കുന്നതിന് സഹായകരമായിട്ടുണ്ട്.

- ബേൺസ് യൂണിറ്റിന് പ്രത്യേക ബ്ലോക്ക് നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

- നിലവിലുള്ള ബയോ സേഫ്റ്റി ലെവൽ 3 ആക്കി ഉയർത്തുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ആയത് സ്ഥാപിക്കുന്നതോടുകൂടി അതിതീവ്രതയുള്ള വൈറസ് രോഗങ്ങളുടെ അതിവേഗത്തിലുള്ള രോഗ നിർണ്ണയ സംവിധാനം നിലവിൽ വരുന്നതാണ്.

- അതിനൂതന ക്യാൻസർ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ഓങ്കോളജി ആൻഡ് ടെർഷറി ക്യാൻസർ കെയർ സെന്റർ നിലവിൽ വന്നിട്ടുണ്ട്. ഓങ്കോളജി ആന്റ് ടെർഷറി ക്യാൻസർ കെയർ സെന്ററിന്റെ വിപുലീകരണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. മെഡിക്കൽ ഓങ്കോളജി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

- ന്യൂറോ ചികിത്സയ്ക്ക് മാത്രമായി സ്ട്രോക്ക് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

- ചികിത്സ തേടുന്ന രോഗികൾക്ക് കുറഞ്ഞ നിരക്കിൽ വിശ്വസനീയമായ തന്മാത്ര അധിഷ്ഠിത പരിശോധന ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഡയഗ്നോസ്റ്റിക് മോളിക്യുലർ ലാബ് പ്രവർത്തിച്ചു വരുന്നു.

- കോഴിക്കോട് മെഡിക്കൽ കോളേജിന് കീഴിലെ ആശുപത്രികളിൽ മെഡിസെപ്പ്, കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി, രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം, ആരോഗ്യ കിരണം പദ്ധതി, സ്നേഹ സാന്ത്വനം പദ്ധതി, ആവാസ് പദ്ധതി പുതിയ കാരുണ്യ ബെനവലന്റ് ഫണ്ട്, ക്യാൻസർ സുരക്ഷ പദ്ധതി, താലോലം പദ്ധതി, വിവിധ ട്രൈബൽ പദ്ധതികൾ, സുകൃതം പദ്ധതി, ഹൃദ്യം പദ്ധതി, ജനനി സുരക്ഷ യോജന, ജനനി ശിശു സുരക്ഷ കാര്യക്രം, മാതൃയാനം എന്നീ ആരോഗ്യ സുരക്ഷ പദ്ധതികൾ പ്രകാരം രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കി വരുന്നു. മാതൃശിശു സംരക്ഷണത്തിന്റെ ഭാഗമായി ലേബർ റൂമിന്റേയും അനുബന്ധ ചികിത്സ സംവിധാനങ്ങളുടേയു നിലവാരം ഉയർത്തുകയും ലക്ഷ്യ അക്രഡിറ്റേഷൻ ലഭിക്കുകയും ഉണ്ടായി.

- അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ചികിത്സ നിലവാരം ഉയർത്തുന്നതിനായി നടപടികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുകയും, ആയത് ബന്ധപ്പെട്ട അധികാരികൾ പരിശോധിക്കുകയും ചെയ്തതിന്റെ ഫലമായി സ്ഥാപനത്തിന് MBFHI അംഗീകാരം ലഭിക്കുകയുണ്ടായി. ആശുപത്രിയുടെ നിലവാരം ഇനിയും ഉയർത്തുന്നതിനും കൂടുതൽ രോഗീസൗഹൃദമാക്കുന്നതിനും വേണ്ടി കുട്ടികളുടെ ചികിത്സ നിലവാരം ഉയർത്തുകയും അതുവഴി MusQan അംഗീകാരം നേടാനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ

- പരിയാരം മെഡിക്കൽ കോളേജിൽ കാത്ത് ലാബ്, ഹാർട്ട് ലങ് മെഷീൻ, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, ഐ.എ.ബി.പി മെഷീൻ മുതലായ സ്ഥാപിച്ചു.
- എച്ച്.ഡി.യു യൂണിറ്റും, 12 ബെഡ്ഡുകളുള്ള പി.ഐ.സി.യു ഉം സ്ഥാപിച്ചിട്ടുണ്ട്.
- കണ്ണൂർമെഡിക്കൽ കോളേജിന്റെ വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾ പ്പെടുത്തി ട്രോമാ കെയർ ഫേസ് – 1, ട്രോമാ കെയർ ഫേസ് – 2, മെയിന്റനൻസ് വർക്ക് ഫേസ് – 1 എന്നീ ഇനങ്ങളിലായി ഭരണാനുമതി നൽകുകയും ഇതിൽ ട്രോമാ കെയർ ( ഫേസ് – 1) വർക്കുകൾക്കുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ് ഫൈനലൈസേഷനു വേണ്ടി സമർപ്പിച്ചിട്ടുണ്ട്. മെയിന്റനൻസ് വർക്കിന്റെ പ്രവർത്തി നടന്നു വരുന്നു. ആയത് 65% പൂർത്തീകരിച്ചു.
- കണ്ണൂർ മെഡിക്കൽ കോളേജിൽ നിലവിലുണ്ടായിരുന്ന ഡോക്ടർമാരേയും

  നഴ്സുമാരേയും സ്ഥിരപ്പെടുത്തി

- പ്ലാസ്റ്റിക് സർജറി വിഭാഗം പുതുതായി ആരംഭിച്ചു
- ഹോസ്റ്റൽ നിർമ്മാണത്തിനായി 50.87 കോടി രൂപ അനുവദിച്ചു.
- മെഡിക്കൽ കോളേജിലെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു
- ട്രോമ കെയറിന്റെ നിർമ്മാണം ആരംഭിച്ചു
- പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിന്റെ ഭാഗമായി നിലവിലുള്ള ജീവനക്കാരുടെ ആഗിരണ പ്രക്രിയ പൂർത്തിയാക്കുന്നതിനായി 772 തസ്തികകൾ തത്വത്തിൽ സൃഷ്ടിച്ചിട്ടുണ്ട്.
- പരിയാരം മെഡിക്കൽ കോളേജിൽ കാത്ത് ലാബ്, ഹാർട്ട് ലങ് മെഷീൻ, അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, ഐ.എ.ബി.പി മെഷീൻ മുതലായ സൗകര്യങ്ങൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു.

2021-22 – ൽ പ്ലാൻ ഫണ്ടിൽ നിന്നും യന്ത്രോപകരണങ്ങൾ (ഡിജിറ്റൽ റേഡിയോഗ്രാഫി, ഐ.എ.ബി.പി മെഷിൻ, ഹാർട്ട് ലങ് മെഷീൻ, കാത്ത് ലാബ്,

അനിസ്തേഷ്യാ വർക്ക് സ്റ്റേഷൻ, വെന്റിലേറ്റർ, തുടങ്ങിയവ) വാങ്ങി സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി. കണ്ണൂർ മെഡിക്കൽ കോളേജിനോടനുബന്ധമായി 60 സീറ്റുകളോടുകൂടിയ പുതിയ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയുടെ അറ്റകുറ്റപ്പണികൾക്കായും അഗ്നിശമന സംവിധാനത്തിനായുമുള്ള പ്രവർത്തി നടന്നു വരുന്നു. ട്രോമ ആന്റ് എമർജൻസി കെയർ ബ്ലോക്ക് കിഫ്ബി അംഗീകാരം ലഭിച്ച് ടെണ്ടർ നടപടികളിലേക്ക് കടക്കുവാൻ ഒരുങ്ങുകയാണ്.

## കാസർഗോഡ് മെഡിക്കൽ കോളേജ്

- കാസറഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തികൾക്കായി ഭരണാനുമതി ലഭ്യമാകുകയും നിർമ്മാണ പ്രവർത്തികൾ ഏകദേശം 55 % പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.
- കാസറഗോഡ് സർക്കാർ മെഡിക്കൽ കോളേജിലെ പാർപ്പിട സൗകര്യങ്ങളിൽ ഗേൾസ് ഹോസ്റ്റൽ, അദ്ധ്യാപക ക്വാർട്ടേഴ്സ് (2BHK) എന്നിവയുടെ നിർമ്മാണത്തിനായി കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാകുകയും നിർമ്മാണ പ്രവർത്തികൾ 65% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
  കാസറഗോഡ് സർക്കാർ മെഡിക്കൽ കോളേജിലെ സമഗ്ര വികസനത്തിനായി കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവർത്തികൾ ചുവടെ ചേർക്കുന്നു.
- ആശുപത്രിയുടെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ വർക്കുകൾ
- ബോയ്സ് ഹോസ്റ്റൽ, ബോയ്സ് Intern ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, ഗേള്സ് Interns ഹോസ്റ്റൽ ,അദ്ധ്യാപക ക്വാർട്ടേഴ്സ്, അനദ്ധ്യാപക ക്വാർട്ടേഴ്സ്, എന്നിവയുടെ സിവിൽ ,ഇലക്ട്രിക്കൽ, മെക്കാനിക്കൽ വർക്കുകൾ
- റോഡ് ലാൻഡ് സ്കേപിങ് Civil, Electrical and Mechanical
- ലേഡീസ് ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ ഇലക്ട്രിക്കൽ മെക്കാനിക്കൽ വർക്കുകൾ.
- ആശുപത്രിക്കായുള്ള ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങൽ
- ലൈബ്രറി, ഓഡിറ്റോറിയം, എൻട്രൻസ് ഗേറ്റ് എന്നിവയുടെ നിർമ്മാണം
- മാലിന്യ സംസ്കരണ പ്ലാന്റ്
- ഒ.പി വിഭാഗം ആരംഭിച്ചു.
- ന്യൂറോ വിഭാഗം ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കി.
- ഘട്ടം ഘട്ടമായി സ്പെഷ്യാലിറ്റി സേവനം ലഭ്യമാക്കി വരുന്നു.
  മെഡിക്കൽ കോളേജിനോട് അനുബന്ധമായി 60 സീറ്റുകളോട് കൂടിയ പുതിയ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

നിലവിൽ കാസർഗോഡ് ഗവ. മെഡിക്കൽ കോളേജിൽ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ന്യൂറോളജി, നെഫ്രോളജി, കമ്മ്യൂണിറ്റി മെഡിസിൻ, ഡെർമറ്റോളജി, സൈക്യാട്രി, ഇ .എൻ. ടി, പൾമണോളജി, ഓറൽ ആന്റ് മാക്സിലോ ഫേഷ്യൽ സർജറി തുടങ്ങിയ വിഭാഗങ്ങളുടെ ഒ.പി പ്രവർത്തിക്കുന്നുണ്ട്.

## വയനാട് സർക്കാർ മെഡിക്കൽ കോളേജ്

- വയനാട് സർക്കാർ മെഡിക്കൽ കോളേജിനായി 140 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

- മാനന്തവാടി താലൂക്കിൽ ബോയ്സ് ടൗണിൽ ഗ്ലെൻ ലെവൽ എസ്റ്റേറ്റിൽ നിന്നും സർക്കാർ ഏറ്റെടുത്തതും നിലവിൽ ആരോഗ്യവകുപ്പിന്റെ കീഴിലുള്ളതുമായ 65 ഏക്കർ ഭൂമി വയനാട് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി അനുവദിച്ച ഉത്തരവാകുകയും വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി M/s WAPCOS നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

- വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് അഡ്മിഷൻ ആരംഭിക്കുന്നതിനുള്ള കെ.യു.എച്ച്.എസ് ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരം ലഭ്യമായാലുടൻ എം.ബി.ബി.എസ് കോഴ്സിലേയ്ക്കുള്ള അഡ്മിഷൻ നടപടികൾ അംഭിക്കുന്നതാണ്.

- കാത്ത് ലാബ് മൾട്ടി സ്പെഷ്യാലിറ്റി കെട്ടിടം യാഥാർത്ഥ്യമാക്കി.

- വയനാട് മെഡിക്കൽ കോളേജിനോടനുബന്ധമായി 60 സീറ്റുകളോട്ടുകൂടിയ പുതിയ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

- വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജനറൽ സ്പെഷ്യാലിറ്റി ഒ .പികൾ, കിടത്തി ചികിത്സ, ചികിത്സയിലുള്ള രോഗികൾക്ക് പോഷകാഹാര വിതരണം, മരുന്ന് വിതരണം, എക്സ്-റേ, ഇ.സി.ജി, സി.ടി സ്കാൻ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**എൻ.എച്ച്.എം** വഴി നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ**

സംസ്ഥാനത്തെ ആശുപത്രികളെ രോഗീ സൗഹൃദമാക്കുകയും ഗുണമേന്മയും സൗഹൃദപരമായുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ ആർദ്രം പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആശുപത്രികളിൽ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻ മാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാമ്പ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസിലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പ വരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റ കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം, ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ഇമ്മ്യൂണൈസേഷൻ, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾക്കായി ക്ലിനിക്കുകളും ലഭ്യമാക്കാറുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന നിർമ്മാണ പ്രവർത്തനങ്ങളാണ് എൻ.എച്ച്.എം മുഖേനയാണ് നടപ്പിലാക്കി

വരുന്നത്

**മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം**

ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ 8 മെഡിക്കൽ കോളേജുകളുടെ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട്) ഒ. പി. പരിവർത്തന പ്രവൃത്തികൾ പൂർത്തീകരിച്ചു.

**ജില്ലാ/ജനറൽ ആശുപത്രികളിലെ ഒ. പി പരിവർത്തനം**

ജി. എച്ച് തിരുവനന്തപുരം, ഡി.എച്ച് കൊല്ലം, ജി.എച്ച് പത്തനംതിട്ട, ജി.എച്ച് ആലപ്പുഴ, ജി.എച്ച്. കോട്ടയം, ജി.എച്ച്. തൃശ്ശൂർ, ഡി.എച്ച്.പാലക്കാട്, ഡി.എച്ച് തിരൂർ, ജി. എച്ച്. കോഴിക്കോട് , ജി.എച്ച്. കൽപ്പറ്റ, ഡി. എച്ച് മാനന്തവാടി, ഡി.എച്ച്. തലശ്ശേരി, ജി.എച്ച്. കാസർഗോഡ്, ഡി.എച്ച് കാഞ്ഞങ്ങാട് എന്നിവിടങ്ങളിലെ ഒ. പി പരിവർത്തന പ്രവൃത്തികൾ പൂർത്തിയായി.

2018-19 സാമ്പത്തിക വർഷത്തിൽ ഒ. പി പരിവർത്തനത്തിന് 8 താലൂക്കാശുപത്രികളെയും (താലൂക്ക് ആശുപത്രി, റാന്നി, ചേർത്തല, പാമ്പാടി, കോതമംഗലം, ചാവക്കാട്, പൊന്നാനി, ഫറൂക്ക്, സുൽത്താൻ ബത്തേരി) 2019-20 സാമ്പത്തിക വർഷത്തിൽ 27 താലൂക്ക് ആശുപത്രികളെയും (റ്റി.എച്ച്, ആറ്റിങ്ങൽ, വിതുര, നെടുങ്ങോലം, ശാസ്താംകോട്ട, കടയ്ക്കൽ, അടൂർ, റ്റി.എച്ച്.ക്യൂ.എച്ച്, കോന്നി, റ്റി.എച്ച്.ക്യൂ.എച്ച്, ഹരിപ്പാട്, ജി.എച്ച്, കാഞ്ഞിരപ്പള്ളി, റ്റി.എച്ച്.ക്യൂ.എച്ച്, ചങ്ങനാശ്ശേരി, റ്റി.എച്ച്.ക്യൂ.എച്ച്. പീരുമേട്, റ്റി.എച്ച്.ക്യൂ.എച്ച്, അടിമാലി, റ്റി.എച്ച്.ക്യൂ.എച്ച്. കട്ടപ്പന, റ്റി.എച്ച്.ക്യൂ.എച്ച്, കരിവേലിപ്പടി, റ്റി.എച്ച്.ക്യൂ.എച്ച്, പെരുമ്പാവൂർ, റ്റി.എച്ച്.ക്യൂ.എച്ച്, കൊടുങ്ങല്ലൂർ, ജി.എച്ച്, ഇരിങ്ങാലക്കുട, റ്റി.എച്ച്.ചേലക്കര, റ്റി.എച്ച്.ക്യൂ.എച്ച്, വടക്കാഞ്ചേരി, റ്റി.എച്ച്.ക്യൂ.എച്ച്, ഒറ്റപ്പാലം, റ്റി.എച്ച്, പെരുന്തൽമണ്ണ, റ്റി.എച്ച്, നാദാപുരം, റ്റി.എച്ച്, കുറ്റ്യാടി, റ്റി.എച്ച്.ക്യൂ.എച്ച്, വൈത്തിരി, റ്റി.എച്ച്, ഇരിക്കൂർ, റ്റി.എച്ച്.ക്യൂ.എച്ച്, തളിപ്പറമ്പ, റ്റി.എച്ച്, നീലേശ്വരം )തെരഞ്ഞെടുത്തിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തിൽ 8 താലൂക്കാശുപത്രികളെയാണ് (ഡി.എച്ച്. പേരൂർക്കട, ഡബ്ല്യൂ ആൻഡ് സി തൈക്കാട്, റ്റി എച്ച് കാഞ്ഞിരപ്പള്ളി, റ്റി എച്ച് ക്യൂ എച്ച് പാമ്പാടി, റ്റി എച്ച് ക്യൂ എച്ച് പെരുമ്പാവൂർ, റ്റി എച്ച് ക്യൂ എച്ച് മലപ്പുറം, റ്റി എച്ച് വണ്ടൂർ, റ്റി എച്ച് പഴയങ്ങാടി). ആയതിന്റെ പ്രവൃത്തികൾക്കു വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

**പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി (2017-18) – ഒന്നാംഘട്ടം**

സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിൽ 166 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്.

**പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി (2018-19) – രണ്ടാംഘട്ടം**

2018-19 സാമ്പത്തിക വർഷം 504 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുതിന് തെരഞ്ഞെടുക്കുകയും 407 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. 32 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള 65 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി (2019-20) –മൂന്നാംഘട്ടം**

സംസ്ഥാനത്ത് 2019-20 സാമ്പത്തിക വർഷത്തിൽ 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ഇതിൽ 42 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടുബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി

പുരോഗമിച്ചു വരുന്നു.
**സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി (2019-20)- ഒന്നാംഘട്ടം**
സംസ്ഥാനത്ത് 2019-20 സാമ്പത്തിക വർഷത്തിൽ 76 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിൽ 46 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് ബ്ലോക്ക് ലെവൽ കുടുംബകേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. 15 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള 15 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
**സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി (2021-2022) - രണ്ടാംഘട്ടം**
സംസ്ഥാനത്ത് 2021-2022 സാമ്പത്തിക വർഷത്തിൽ 76 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിൽ 3 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചു.

മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും എം.സി.എച്ച് ബ്ലോക്കുകളുടെ നിർമ്മാണം, ലക്ഷ്യ സ്റ്റാൻഡേർഡ് പ്രകാരം ലേബർ റൂമിന്റേയും ഓപ്പറേഷൻ തീയറ്ററിന്റേയും നവീകരണ പ്രവർത്തനങ്ങൾ, സി.എച്ച്.സി, പി.എച്ച്.സി, കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പുതിയ കെട്ടിട നിർമ്മാണം, ജില്ലാ-താലൂക്കാശുപത്രികളുടെ വിപുലീകരണവും, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, സ്കിൽ ലാബ്, ഡിസ്ട്രിക്റ്റ് ഏർലി ഇന്റർവെൻഷൻ സെന്റർ (DEIC), സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റ് (SNCU), ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, ഹൈഡിപ്പൻഡൻസി യൂണിറ്റ് (HDU), വാക്സിൻസ്റ്റോർ, ഐസൊലേഷൻ വാർഡ്, ജെറിയാട്രിക് വാർഡ്, കാർഡിയാക് ഐ സി യു എന്നിവയുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ, കുടുംബാരോഗ്യകേന്ദ്രങ്ങളുടെ നവീകരണം തുടങ്ങിയവ നടപ്പിലാക്കി വരുന്നു. 2018 പ്രളയത്തിലകപ്പെട്ട ആശുപത്രികളുടെ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾ എൻ എച്ച് എം മുഖേനെയാണ് നടപ്പിലാക്കി വരുന്നത്.

സംസ്ഥാനത്തെ സബ് സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളായി ഉയർത്തുന്നതിന് മൂന്ന്ഘട്ടങ്ങളിലായി 3106 സബ് സെന്ററുകളെ തെരഞ്ഞെടുത്തു.

മഹാമാരിയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും പീഡിയാട്രിക് ഐ സി യൂ, എച്ച് ഡി.യൂ, ഓക്സിജൻ സ്പ്പോർട്ടട് വാർഡുകൾ എന്നിവയുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ എൻ. എച്ച്. എം മുഖേന നടപ്പിലാക്കി വരുന്നത്. 65 സ്ഥാപനങ്ങളിലാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കി വരുന്നത്, ആയതിൽ 65 എണ്ണത്തിന്റെ നിർമ്മാണം പൂർത്തുകരിച്ചു.

PM-ABHIM ന്റെ ഭാഗമായി ക്രിട്ടിക്കൽ കെയർ ബ്ലോക്കിന്റെയും ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ് (IPHL) കളുടെയും നിർമ്മാണ പ്രവർത്തനം എൻ. എച്ച്. എം മുഖേന നടപ്പിലാക്കി വരുന്നു. 4 സ്ഥാപനങ്ങളിലാണ് (ഗവ. മെഡിക്കൽ കോളേജ് പാരിപ്പള്ളി, ഗവ. മെഡിക്കൽ കോളേജ് കളമശ്ശേരി, ഗവ. മെഡിക്കൽ കോളേജ് മഞ്ചേരി, ജനറൽ ഹോസ്പിറ്റൽ പത്തനംതിട്ട) ക്രിട്ടിക്കൽ കെയർ ബ്ലോക്കുകൾ സജ്ജീകരിക്കേണ്ടത്. ആയതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. പത്തനംതിട്ട, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, എന്നീ ജില്ലകളിൽ IPHL പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു.

**സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി** നടപ്പിലാക്കുന്ന ചികിത്സാ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

**ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന, കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി**

2019 ഏപ്രിൽ മാസം മുതൽ കേന്ദ്ര പദ്ധതിയായ ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്ന പേരിൽ കേരള സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. അന്നേവരെ നിലവിൽ ഉണ്ടായിരുന്ന RSBY, KBF, CHIS, CHIS Plus എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് (KASP) അഥവാ കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി രൂപീകരിച്ചത്.

2018-19 കാലഘട്ടത്തിൽ RSBY കാർഡ് പുതുക്കിയവർ, പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നും നേരിട്ട് കത്ത് ലഭിച്ചവർ 2011-ലെ SECC സെൻസസിൽ അർഹത നേടിയവർ എന്നിവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കാരുണ്യ ആരോഗ്യ പദ്ധതിയുടെ അർഹരായ കുടുംബത്തിന് ഒരുവർഷം പരമാവധി 5 ലക്ഷം രൂപയുടെ ചികിൽസാ ആനുകൂല്യം ഈ പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട എല്ലാ പൊതു-സ്വകാര്യ ആശുപത്രികൾ വഴി ലഭിക്കുന്നതാണ്. ഇന്നേ തീയതി പ്രകാരം സംസ്ഥാനത്ത് ആകെ 750-ഓളം ആശുപത്രികൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ളതാണ്. 42 ലക്ഷം കുടുംബങ്ങൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കൾ ആണ്.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

2011-2012 സാമ്പത്തിക വർഷം ആരംഭിച്ച കാരുണ്യ ബെനവലന്റ് ഫണ്ട് സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾ നിശ്ചിത രോഗികൾക്ക് സർജറി ഉൾപ്പടെയുള്ള ചികിൽസാ ധനസഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി വിഭാവനം ചെയ്ത പദ്ധതിയാണ്. 2 ലക്ഷം രൂപയാണ് ഈ പദ്ധതി മുഖേന നൽകിവരുന്ന ചികിൽസ ആനുകൂല്യം, വൃക്ക സംബന്ധമായ രോഗങ്ങൾക്ക് ഒരു ലക്ഷം രൂപവരെ അധിക ചികിൽസ ആനുകൂല്യം നൽകുന്നതാണ്. 2019 ജൂലൈ 1 മുതൽ 3 ലക്ഷം രൂപയിൽ കുറവ് വാർഷിക വരുമാനം ഉള്ള കുടുംബങ്ങൾക്ക് കാസ്പ് ആനുകൂല്യങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ കെ.ബി.എഫ് അപേക്ഷ സമർപ്പിക്കാം.

കാസ്പ് പാക്കേജുകൾ അനുസരിച്ച് ദ്വിതിയ, തൃതീയ പരിചരണം, 26 സ്പെഷ്യാലിറ്റികളിൽ 1675 പാക്കേജുകൾ, എല്ലാ പാക്കേജുകളിലും ഹോസ്പിറ്റലൈസേഷൻ ചാർജുകൾ/ ഡേ കെയർ സിറ്റിംഗ് ചാർജുകൾ ഉൾപ്പെടുന്നു. 15 ദിവസത്തെ ഡിസ്ചാർജിനു ശേഷമുള്ള മരുന്നുകൾ ഉൾപ്പെടെ നൽകുന്നു. ചികിൽസാ സൗകര്യം KASP-ൽ നിലവിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾ മുഖേന ചികിത്സാ സൗകര്യം ലഭിക്കുന്നതാണ്.

**ആരോഗ്യകിരണം പദ്ധതി**

പതിനെട്ടുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം(RBSK) പദ്ധതി പ്രകാരം ചികിത്സ സഹായം ലഭിക്കുന്ന 30 രോഗങ്ങൾക്ക് പുറമെയുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കും. എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെയാണ് പരിഗണന. ഈ പദ്ധതിയിലൂടെ മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കും. ആശുപത്രിയിൽ ലഭ്യമല്ലാത്തവ ആശുപത്രിയുമായി എംപാനൽ ചെയ്തിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തികച്ചും സൗജന്യമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാവുന്നതാണ്. ഒരു വയസ്സുവരെ കുട്ടികളുടെ ചികിത്സ JSSK സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ശ്രുതിതരംഗം**

ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ കോക്ലിയാർ ഇംപ്ലാൻറേഷൻ ശസ്ത്രക്രിയയും അനുബന്ധ സേവനങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം പദ്ധതി കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി നടപ്പിലാക്കി വന്നിരുന്ന പദ്ധതി 2023-24 സാമ്പത്തിക വർഷത്തെ വാർഷിക ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ നടത്തിപ്പ് ചുമതല നിർവ്വഹിക്കുന്ന സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയാണ് നിലവിൽ നടപ്പിലാക്കുന്നത്. പദ്ധതിയിൻ കീഴിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾ വഴി കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും തുടർ ചികിത്സകളും അനുബന്ധ സേവനങ്ങളും സൗജന്യമായി ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.0-5 വയസ്സ് വരെയുള്ള കുട്ടികൾക്ക് ഈ പദ്ധതിക്ക് അർഹതയുണ്ട്. എന്നിരുന്നാലും, 3-5 വയസ്സിനിടയിലുള്ള കുട്ടികളുടെ ചികിത്സ പദ്ധതിയുടെ സംസ്ഥാനതല സാങ്കേതിക സമിതിയുടെ (SLTC) പ്രത്യേക അംഗീകാരത്തോടെയാണ് നടത്തപ്പെടുന്നത്. 5 വയസ്സിന് മുകളിലുള്ള കുട്ടികൾക്ക് മെനിഞ്ചൈറ്റിസ് ബാധ മൂലമുണ്ടായേക്കാവുന്ന കേൾവി തകരാറുകളിൽ സമഗ്രമായ പരിശോധനയ്ക്ക് ശേഷം SLTC യുടെ അംഗീകാരത്തോടെയും ചികിത്സാ സഹായം ലഭ്യമാക്കുന്നു.

Hari

സെക്ഷൻ ഓഫീസർ.